കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ

# വാർഷിക റിപ്പോർട്ട്

2015-16

# ഉള്ളടക്കം


| അദ്ധ്യായം | | പേജ് |
|---|---|---|
| 1 | ആമുഖം | 5 |
| 2 | കമ്മീഷൻ യോഗങ്ങൾ | 8 |
| 3 | കമ്മീഷന്റെ പ്രവർത്തനങ്ങൾ | 10 |
| 4 | കമ്മീഷൻ നടത്തിയിട്ടുള്ള ജില്ലാതല യോഗങ്ങൾ | 20 |
| 5 | കമ്മീഷന്റെ ക്യാമ്പ് സിറ്റിങ്ങുകൾ | 22 |
| 6 | ആഘോഷങ്ങൾ | 25 |
| 7 | കമ്മീഷന്റെ വരവ് ചെലവ് കണക്കുകൾ | 27 |
| 8 | കമ്മീഷൻ കേരള സർക്കാരിന് സമർപ്പിച്ചിട്ടുള്ള ശുപാർശകൾ/റിപ്പോർട്ടുകൾ | 29 |
| 9 | ഉപസംഹാരം | 38 |

അദ്ധ്യായം 1

# ആമുഖം

2014ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്ടിലെ 18-ാം വകുപ്പ് പ്രകാരമുള്ള 2015-16 സാമ്പത്തിക വർഷത്തിലെ കമ്മീഷന്റെ പ്രവർത്തനങ്ങളുടെ വിവരം നൽകുന്ന വാർഷിക റിപ്പോർട്ടാണിത്. 1-4-2015 മുതൽ 31-3-2016 വരെയുള്ള പ്രവർത്തനങ്ങൾ ഉൾകൊള്ളിച്ചിരിക്കുന്ന ഈ റിപ്പോർട്ട് കമ്മീഷന്റെ മൂന്നാമത് വാർഷിക റിപ്പോർട്ടാണ്. കമ്മീഷന്റെ 1.4.2014 മുതൽ 31.3.2015 വരെയുള്ള പ്രവർത്തനം സംബന്ധിച്ച രണ്ടാമത് വാർഷിക റിപ്പോർട്ട് 2016 ജൂൺ മാസം സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

ഇൻഡ്യയിലെ മതന്യൂനപക്ഷവിഭാഗങ്ങളുടെ ക്ഷേമം ഉറപ്പുവരുത്തുവാനും ഭരണഘടനയും പാർലമെന്റും സംസ്ഥാന നിയമസഭകളും ന്യൂനപക്ഷ സംരക്ഷണത്തിനും സമഗ്രവികസനത്തിനും രൂപം നൽകിയിട്ടുള്ള നിയമങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്താനുമായിട്ടാണ് 1992 ലെ നാഷണൽ കമ്മീഷൻ ഫോർ മൈനോറിട്ടീസ് ആക്ട് പ്രകാരം ദേശീയ ന്യൂനപക്ഷ കമ്മീഷന് കേന്ദ്രസർക്കാർ രൂപം നൽകിയത്. മുസ്‌ലിം, ക്രിസ്ത്യൻ, സിക്ക്, ബുദ്ധിസ്റ്റ്, പാർസി, ജൈനർ എന്നീ വിഭാഗങ്ങളാണ് ന്യൂനപക്ഷ വിഭാഗത്തിൽ ഉൾപ്പെടുന്നത്.

കേരളത്തിലെ മതന്യൂനപക്ഷങ്ങളുടെ സമഗ്രമായ വിദ്യാഭ്യാസ, സാമൂഹിക, സാമ്പത്തിക, തൊഴിൽ പുരോഗതിക്കും ക്ഷേമത്തിനും സംരക്ഷണത്തിനും ശാക്തീകരണത്തിനും വേണ്ടി ഒരു സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ രൂപീകരിച്ചുകൊണ്ട് 2013 മേയ് 15-ാം തീയതിയിലെ 1350-ാം നമ്പർ അസാധാരണ ഗസറ്റ് വിജ്ഞാപനപ്രകാരം 2013 ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ഓർഡിനൻസ് (2013 ലെ 37-ാം നമ്പർ ഓർഡിനൻസ്) കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയുണ്ടായി. പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ആക്ട് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ സംസ്ഥാന നിയമസഭയിൽ നിശ്ചിതസമയപരിധിക്കുള്ളിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിയാതിരുന്നതിനാൽ ടി ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2013 ജൂലായ് 19-ാം തീയതിയിലെ 2105-ാം നമ്പർ അസാധാരണ ഗസറ്റ് പ്രകാരം 2013 ലെ 44-ാം നമ്പർ ഓർഡിനൻസ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന്, സംസ്ഥാന നിയമസഭയിൽ ബിൽ അവതരിപ്പിക്കുകയും സഭയുടെ അംഗീകാരത്തോടെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്ട്, 2014 (2014 ലെ 5-ാം ആക്ട്) 2014 ഫെബ്രുവരി 13-ലെ 495-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയുമുണ്ടായി. പ്രസ്തുത ആക്ട് പ്രകാരമാണ് സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ രൂപീകരിച്ചിട്ടുള്ളത്.

വിപുലമായ അധികാരങ്ങളും ചുമതലകളുമാണ് കമ്മീഷനിൽ നിക്ഷിപ്തമായിട്ടുള്ളത്. സംസ്ഥാനത്ത് ന്യൂനപക്ഷങ്ങളുടെ വികസനത്തിലുണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തുക, ന്യൂനപക്ഷങ്ങൾക്ക് സാമൂഹികവും, സാമ്പത്തികവും, വിദ്യാഭ്യാസപരവും, ഭാഷാപരവുമായുള്ള അവകാശങ്ങളും, സംരക്ഷണ വ്യവസ്ഥകളും, ആനുകൂല്യങ്ങളും നഷ്ടപ്പെടുത്തുന്നതിനെക്കുറിച്ചുള്ള പ്രത്യേക പരാതികളിന്മേൽ അന്വേഷണം നടത്തുകയും, തെളിവെടുപ്പ് നടത്തുകയും പരിഹാരനടപടികൾ നിർദ്ദേശിക്കുകയും ചെയ്യുക തുടങ്ങി ന്യൂനപക്ഷങ്ങളെ ബാധിക്കുന്ന ഒട്ടു മിക്കവിഷയങ്ങളിലും കമ്മീഷന് നേരിട്ടിടപെട്ട് പരിഹാരം നിർദ്ദേശിക്കാവുന്നതാണ്. ഒരു വ്യവഹാരം വിചാരണ ചെയ്യുന്ന ഒരു സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും കമ്മീഷന് അതിന്റെ ചുമതലകൾ നിർവ്വഹിക്കുമ്പോൾ വിനിയോഗിക്കാവുന്നതാണ്. സംസ്ഥാനത്തിന്റെ ഏത് ഭാഗത്ത് നിന്നും, ഏതൊരാളെയും വിളിച്ചുവരുത്തുകയും, ഹാജരാകുന്നത് ഉറപ്പുവരുത്തുകയും ചെയ്യാവുന്നതാണ്. മാത്രമല്ല അന്വേഷണ വിഷയവുമായി ബന്ധപ്പെട്ട രേഖകൾ പിടിച്ചെടുക്കാനും അധികാരമുണ്ട്.

സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്ടിലെ 3-ാം വകുപ്പിന് കീഴിലെ 2-ാം വകുപ്പു പ്രകാരം ന്യൂനപക്ഷ കമ്മീഷന്റെ അംഗബലം ഒരു ചെയർമാൻ, രണ്ട് അംഗങ്ങൾ ഉൾപ്പടെ മൂന്നു പേരാണ്. രണ്ടംഗങ്ങളിൽ ഒരാൾ വനിതയായിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ന്യൂനപക്ഷ കമ്മീഷൻ ആക്ടിലെ 4-ാം വകുപ്പിന് കീഴിലെ 1-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം കമ്മീഷൻ ചെയർ പേഴ്സന്റെയും അംഗങ്ങളുടെയും കാലാവധി ചുമതലയേൽക്കുന്ന തീയതി മുതൽ മൂന്ന് വർഷക്കാലമാണ്. നിലവിലെ കമ്മീഷൻ ചെയർമാനും അംഗങ്ങളും 10-6-2013ന് ചുമതലയേറ്റു. 9.6.2016 ൽ നിലവിലെ കമ്മീഷന്റെ കാലാവധി അവസാനിക്കുന്നതാണ്. കമ്മീഷന്റെ റിപ്പോർട്ട് കാലഘട്ടത്തിലെ ഘടന ചുവടെ ചേർക്കുന്നു:

1. ചെയർപേഴ്സൺ: അഡ്വ. എം വീരാൻകുട്ടി
2. മെമ്പർ : അഡ്വ. വി വി ജോഷി
3. മെമ്പർ : അഡ്വ. കെ.പി മറിയുമ്മ

## 1.1 ഭരണ വിഭാഗം

കമ്മിഷനും അതിന്റെ ഭരണ വിഭാഗവും തിരുവനന്തപുരം, ശാസ്തമംഗലം റ്റി. സി. 9/1023 (2) ആഞ്ജനേയ എന്ന കെട്ടിടത്തിന്റെ ഒന്നാം നിലയിൽ പ്രവർത്തിച്ചു വരുന്നു. മെമ്പർ സെക്രട്ടറിയാണ് കമ്മിഷന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ. കമ്മിഷന്റെ ഭരണ വിഭാഗത്തിന്റെ ഘടന ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. മെമ്പർ സെക്രട്ടറി | - | 1 |
| 2. രജിസ്ട്രാർ | - | 1 |
| 3. ഫിനാൻസ് ആഫീസർ | - | 1 |
| 4. സെക്ഷൻ ആഫീസർ | - | 1 |
| 5. അസിസ്റ്റന്റ് | - | 2 |
| 6. ജൂനിയർ അസിസ്റ്റന്റ് / ലോവർ ഡിവിഷൻ ക്ലാർക്ക് | - | 2 |
| 7. പേഴ്സണൽ അസിസ്റ്റന്റ് | - | 1 |
| 8. ആഫീസ് അറ്റൻഡന്റ് കം- ഡ്രൈവർ | - | 2 |
| 9. പാർട്ട് ടൈം സ്വീപ്പർ | - | 1 |

സർക്കാർ നിയമവകുപ്പിലെ അഡീഷണൽ സെക്രട്ടറി ശ്രീ എം.എച്ച് മുഹമ്മദ് റാഫി 18.7.2013ന് മെമ്പർ സെക്രട്ടറിയായി ചുമതലയേൽക്കുകയും 7.10.2015 വരെ തുടരുകയും ചെയ്തു. 26.11.2015-ാം തീയതിയിൽ പൊതുഭരണ വകുപ്പിലെ അഡീഷണൽ സെക്രട്ടറി ശ്രീ വി.എ മോഹൻലാൽ മെമ്പർ സെക്രട്ടറിയായി ചുമതലയേൽക്കുകയും റിപ്പോർട്ട് കാലയളവിൽ തുടരുകയും ചെയ്യുന്നു. ഗവൺമെന്റ് പൊതുഭരണ വകുപ്പിലെ ജോയിന്റ് സെക്രട്ടറി ശ്രീ. കെ.ബി പ്രേമചന്ദ്രൻ 3.1.2014ന് രജിസ്ട്രാറായി ചുമതലയേൽക്കുകയും റിപ്പോർട്ട് കാലയളവിൽ തുടരുകയും ചെയ്യുന്നു. ധനകാര്യ വകുപ്പിലെ അണ്ടർ സെക്രട്ടറി ശ്രീമതി പി.എം. സബീഹ കമ്മീഷനിൽ ഫിനാൻസ് ആഫീസറായി 1.7.2014 ൽ ചുമതലയേൽക്കുകയും റിപ്പോർട്ട് കാലയളവിൽ തുടരുകയും ചെയ്യുന്നു.

## അദ്ധ്യായം 2

# കമ്മീഷൻ യോഗങ്ങൾ

കമ്മീഷൻ ആക്ടിലെ 8-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ചെയർപേഴ്സണ് യുക്തമെന്ന് കരുതുന്ന സമയത്തും സ്ഥലത്തും, ആവശ്യമായി വരുമ്പോഴെല്ലാം കമ്മീഷൻ യോഗം ചേരാൻ നിർദ്ദേശിക്കുന്നുണ്ട്. ചുരുങ്ങിയത് മൂന്നു മാസത്തിലൊരിക്കലെങ്കിലും അങ്ങനെയുള്ള യോഗം ചേരുവാനും നിഷ്കർഷിച്ചിട്ടുണ്ട്. റിപ്പോർട്ട് കാലയളവിൽ (1.4.2015 മുതൽ 31.3.2016 വരെ) 7(ഏഴ്) തവണ കമ്മീഷൻ യോഗം ചേർന്നിട്ടുണ്ട്.

സംസ്ഥാനത്തെ ന്യൂനപക്ഷ വിഭാഗങ്ങളുടെ വിദ്യാഭ്യാസ-സാമൂഹിക-സാമ്പത്തിക-തൊഴിൽപരമായ പുരോഗതിക്ക് ഉതകുന്ന ക്രിയാത്മകമായ നടപടികൾ സ്വീകരിക്കുന്നതിന് കമ്മീഷൻ റിപ്പോർട്ട് കാലയളവിൽ നാല് തവണ ബഹു. മുഖ്യമന്ത്രി, 6 തവണ ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി, രണ്ട് തവണ ധനകാര്യ വകുപ്പ് മന്ത്രി, വ്യവസായ വകുപ്പ് മന്ത്രി എന്നിവരെ കാണുകയും ന്യൂനപക്ഷ വിഭാഗങ്ങളുടെ സാമൂഹിക-സാമ്പത്തിക-വിദ്യാഭ്യാസ അവസ്ഥകളെക്കുറിച്ച് ബോധ്യപ്പെടുത്തുകയും, പ്രസ്തുത ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി സർക്കാർ സ്വീകരിക്കേണ്ട നടപടികൾ ശുപാർശ ചെയ്യുകയും ചെയ്തു.

സെൻസസ് പ്രകാരം കേരളത്തിൽ 45 ശതമാനം ന്യൂനപക്ഷ വിഭാഗം ജനങ്ങളാണുള്ളത്. കേരളത്തിലെ ന്യൂനപക്ഷ വിഭാഗങ്ങളിൽ നിലനിൽക്കുന്ന അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത, വിദ്യാഭ്യാസം, ആരോഗ്യം, ഗതാഗതം, കുടിവെള്ളം തുടങ്ങിയ അവശ്യഘടകങ്ങളുടെ കുറവ്, സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങളിലെ പ്രാതിനിധ്യക്കുറവ് എന്നീ വസ്തുതകൾ വെളിച്ചത്ത് കൊണ്ടുവരുന്നതിനും ഇത്തരം അപകടകരമായ പിന്നാക്കാവസ്ഥ നിർമ്മാർജ്ജനം ചെയ്യുന്നതിന് വിവിധ കർമ്മപരിപാടികൾ ആസൂത്രണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും റിപ്പോർട്ട് കാലയളവിൽ കമ്മീഷൻ, കേന്ദ്രന്യൂനപക്ഷ കമ്മീഷനെ മൂന്ന് തവണ സന്ദർശിക്കുകയും, കേന്ദ്രന്യൂനപക്ഷ ക്ഷേമവകുപ്പ് മന്ത്രി, കേന്ദ്ര ധനകാര്യവകുപ്പ് മന്ത്രി എന്നിവരെ ഒരു തവണ സന്ദർശിക്കുകയും ചെയ്തിട്ടുണ്ട്.

റിപ്പോർട്ട് കാലയളവിൽ കമ്മീഷൻ കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി 4 തവണ മുസ്ലീം മതനേതാക്കളുമായും 5 തവണ ക്രൈസ്തവമതനേതാക്കളുമായും ചർച്ച നടത്തുകയും പ്രസ്തുതജനവിഭാഗങ്ങളുടെ ആവലാതികളും പ്രശ്നങ്ങളും നേരിട്ട് കേൾക്കുകയും ഭൂരിപക്ഷ-ന്യൂനപക്ഷ മതസൗഹാർദ്ദമൂല്യം ഉയർത്തിപ്പിടിച്ച് ടി ജനവിഭാഗങ്ങളുടെ പുരോഗതിക്ക് ആവശ്യമായ നയങ്ങൾ ചർച്ചചെയ്യുകയും,

ക്രിയാത്മകമായ നടപടികൾ ശുപാർശ ചെയ്യുകയും ചെയ്തു. കൂടാതെ ന്യൂനപക്ഷങ്ങളുടെ പുരോഗതി സംബന്ധിച്ച് കേരളത്തിലെ വിവിധ സംഘടനകൾ, വ്യക്തികൾ, എൻ.ജി.ഒ. തുടങ്ങിയവരുമായി റിപ്പോർട്ട് കാലയളവിൽ നിരവധി ചർച്ചകൾ നടത്തുകയും കേരളത്തിലെ 14 ജില്ലകളിലും സെമിനാറുകൾ, സിമ്പോസിയം നടത്തുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ട് കാലയളവിൽ കമ്മീഷൻ നടത്തിയിട്ടുള്ള കോൺഫറൻസുകൾ, സെമിനാർ, സിറ്റിംഗുകൾ, സ്ഥലസന്ദർശനങ്ങൾ എന്നിവയുടെ വിവരവും സർക്കാരിന് സമർപ്പിച്ച ശുപാർശകളും ഈ വാർഷിക റിപ്പോർട്ടിൽ പ്രത്യേകം ചേർത്തിട്ടുണ്ട്

# അദ്ധ്യായം 3

## കമ്മീഷന്റെ പ്രവർത്തനങ്ങൾ

2014-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്ടിലെ 9-ാം വകുപ്പ് പ്രകാരം കമ്മീഷനിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകൾ നിറവേറ്റുന്നതിനാവശ്യമായ സാദ്ധ്യ മായിട്ടുള്ള എല്ലാ നടപടികളും റിപ്പോർട്ട് കാലയളവിലും സ്വീകരിച്ചിട്ടുണ്ട്. ന്യൂനപക്ഷ ങ്ങൾ അഭിമുഖീകരിക്കുന്ന കാതലായ പ്രശ്നങ്ങൾ പഠിച്ച് പരിഹാരം നിർദ്ദേ ശിക്കുകയും ന്യൂനപക്ഷങ്ങൾക്ക് ഭരണഘടനാപരമായും നിയമപരമായും ലഭിക്കുന്ന അവ കാശങ്ങളെയും സംരക്ഷണ വ്യവസ്ഥകളേയുംപറ്റി അവരെ ബോധവാൻമാരാക്കുകയും ചെയ്യുക എന്നതാണ് കമ്മീഷന്റെ പ്രധാന കർത്തവ്യം. ന്യൂനപക്ഷങ്ങൾക്ക് സാമൂഹി കവും സാമ്പത്തികവും വിദ്യാഭ്യാസപരവും ഭാഷാപരവുമായുള്ള അവകാശങ്ങളും സംരക്ഷണ വ്യവസ്ഥകളും നഷ്ടപ്പെടുത്തുന്നതിനെക്കുറിച്ചുള്ള പരാതികളാണ് കമ്മീഷന്റെ അധികാര പരിധിയിൽ വരുന്നതെങ്കിലും മറ്റു വിഷയങ്ങളെ സംബന്ധിച്ച പരാതികളും ക മ്മീഷന്റെ പരിഗണനയ്ക്കായി ലഭിച്ചു വരുന്നുണ്ട്. 2015-16 കാലയളവിൽ ആകെ **404** പരാ തികൾ കമ്മീഷനിൽ ലഭിച്ചിട്ടുണ്ട്. ലഭിച്ച പരാതികളുടെയും തീർപ്പാക്കിയ പരാതികളുടെയും പട്ടിക ചുവടെ ചേർത്തിരിക്കുന്നു.

**പട്ടിക 1**

| ലഭിച്ച പരാതികളും തീർപ്പാക്കിയവയും | | |
|---|---|---|
| വർഷം | ലഭിച്ച പരാതികൾ | തീർപ്പാക്കിയ പരാതികൾ |
| 2015-16 | 404 | 149 |

ഇതു കൂടാതെ മുൻ വർഷങ്ങളിൽ തീർപ്പാക്കാൻ ശേഷിച്ച പരാതികളിൽ നിരവധി പരാതികൾ റിപ്പോർട്ട് കാലയളവിൽ തീർപ്പാക്കിയിട്ടുണ്ട്.

**പട്ടിക 2**

| മുൻവർഷങ്ങളിൽ ശേഷിച്ചവയിൽ തീർപ്പാക്കിയ പരാതികൾ |
|---|
| **121** |

**പട്ടിക 3**

| പരാതി സമർപ്പിച്ചവരുടെ മതം അടിസ്ഥാനമാക്കിയുള്ള പരാതി വിവരങ്ങൾ | | | | | | |
|---|---|---|---|---|---|---|
| വർഷം | ആകെ ലഭിച്ച പരാതികൾ | മുസ്‌ലിം | ക്യസ്ത്യൻ | ബുദ്ധർ | ജൈനർ | മറ്റുള്ളവ |
| 2015-16 | 404 | 294 | 90 | 0 | 1 | 19 |

**പട്ടിക 4**

| പരാതി സമർപ്പിച്ചവരുടെ ലിംഗാധിഷ്ഠിത തരംതിരിവ് | | | | |
|---|---|---|---|---|
| വർഷം | ആകെ ലഭിച്ച പരാതികൾ | പരാതി സമർപ്പിച്ചവർ | | മറ്റുള്ളവ (സംഘടനകൾ/ സ്ഥാപനങ്ങൾ/ സ്വമേധയാ) |
| | | പുരുഷൻമാർ | സ്ത്രീകൾ | |
| 2015-16 | 404 | 287 | 86 | 31 |

**പട്ടിക 5**

പരാതിയിലെ വിഷയം

| | പരാതി | എണ്ണം |
|---|---|---|
| 1 | മതപരമായ അവകാശ സംരക്ഷണം | 109 |
| 2 | ജീവനും സ്വത്തിനും സംരക്ഷണം | 83 |
| 3 | പോലിസ് അതിക്രമം | 46 |
| 4 | സാമ്പത്തിക അവകാശം | 17 |
| 5 | തൊഴിൽ പരമായ സംഗതികൾ | 55 |
| 6 | വിദ്യാഭ്യാസം/സ്കോളർഷിപ്പ് | 63 |
| 7 | സർവ്വീസ് കാര്യങ്ങൾ | 31 |
| | ആകെ | 404 |

കമ്മീഷന്റെ പ്രവർത്തനത്തെ പൊതുവിൽ മൂന്ന് വിഭാഗങ്ങളായി തിരിക്കാം.

1) **പരാതികളിൽ സ്വീകരിക്കുന്ന നടപടികൾ**

2) **സ്വമേധയാ സ്വീകരിക്കുന്ന നടപടികൾ**

3) **പ്രശ്നങ്ങൾ പഠിക്കുന്നതിന് കമ്മീഷൻ നടത്തുന്ന സ്ഥല സന്ദർശനങ്ങൾ/ ജില്ലാതല യോഗങ്ങൾ**

## 3.1പരാതികളിൽ സ്വീകരിച്ച നടപടികൾ

ഒരു പരാതി ലഭിച്ചാൽ, കമ്മീഷൻ പ്രസ്തുത പരാതി പരിശോധിക്കുകയും ആയതിന്മേൽ കമ്മീഷൻ തലത്തിൽ തുടർ നടപടികൾ ആവശ്യമുണ്ടോ എന്ന് പരിശോധിക്കുകയും ചെയ്യുന്നു. കമ്മീഷന്റെ ഇടപെടൽ ആവശ്യമുണ്ടെന്ന് കണ്ടാൽ പരാതി സംഗതിയിൻമേൽ ബന്ധപ്പെട്ട അധികാര സ്ഥാനത്തിന്റെ/വ്യക്തിയുടെ അഭിപ്രായമോ റിപ്പോർട്ടോ തേടുന്നു. പ്രസ്തുത പരാതിയ്ക്ക് പരിഹാരം കാണുന്നതിന് ബന്ധപ്പെട്ട അധികാര സ്ഥാനത്തിനോ വ്യക്തിക്കോ നിർദേശങ്ങൾ നൽകേണ്ടതുണ്ടെന്ന് കമ്മീഷന് ബോധ്യപ്പെട്ടാൽ ഉചിതമായ നിർദേശങ്ങൾ നൽകുകയും ചെയ്യുന്നു. കമ്മീഷനിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് ഒരു ഉത്തരവ് പുറപ്പെടുവിക്കും മുമ്പ് പരാതിക്കാരനെയും ബന്ധപ്പെട്ട അധികാര സ്ഥാനത്തെയും ബാധിക്കാനിടയുള്ള വ്യക്തികളെയും നേരിൽ കേൾക്കുകയും ഇതുമായി ബന്ധപ്പെട്ട സർവ്വരേഖകളും റിക്കാർഡുകളും, റിപ്പോർട്ടുകളും പരിശോധിക്കുകയും ചെയ്യുന്നു. കൂടാതെ കമ്മീഷന് യുക്തമെന്ന് തോന്നുന്ന പക്ഷം ഒരു പരാതി സംഗതിയിൽ കമ്മീഷൻ സ്ഥലസന്ദർശനം നടത്തി വിവരങ്ങൾ നേരിട്ട് മനസ്സിലാക്കുകയും ചെയ്യുന്നു.

റിപ്പോർട്ട് കാലയളവിൽ കമ്മീഷൻ പരിഗണിച്ച ചില പ്രധാന ഹർജികളുടെ സംക്ഷിപ്ത വിവരണം ചുവടെ ചേർക്കുന്നു.

### 3.1.1. എം.സി.ഒ.പി 137/2014- തിരുവനന്തപുരം ജില്ല-സുനാമി ദുരിതാശ്വാസ പദ്ധതി പ്രകാരം ലിസ്റ്റിൽ പേരുണ്ടായിട്ടും വീട് ലഭിച്ചില്ല.

സുനാമി ദുരന്തബാധിതരുടെ പുനരധിവാസ പദ്ധതിയിൽ വീട് അനുവദിക്കപ്പെട്ടവരുടെ ലിസ്റ്റിൽ 15-ാം നമ്പറായി ഉൾപ്പെടുകയും വീടിന്റെ താക്കോൽദാന സമയത്ത് സ്ഥലത്തില്ലാതിരുന്നതിനാൽ വീട് നിഷേധിക്കപ്പെടുകയും ചെയ്തുവെന്നാരോപിച്ച് ശ്രീമതി സുഹറാബീവി അസീസ്, ടി.സി 45/791, ബീമാപ്പള്ളി, തിരുവനന്തപുരം-8 കമ്മീഷന് നൽകിയ പരാതിയിൽ ജില്ലാ കളക്ടറിൽനിന്നും തഹസിൽദാറിൽനിന്നും തിരുവനന്തപുരം കോർപ്പറേഷനിൽനിന്നും കമ്മീഷൻ റിപ്പോർട്ടുകൾ വരുത്തി പരിശോധിക്കുകയും ബന്ധപ്പെട്ട കക്ഷികളെ നേരിട്ട് വിചാരണ ചെയ്യുകയും ചെയ്തു.

കമ്മീഷൻ പരിശോധിച്ചതിൽ, വീടിന് തിരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ രണ്ട് ലിസ്റ്റുകളിലും പരാതിക്കാരി ഉൾപ്പെട്ടിരുന്നുവെന്നും പിന്നീട് വിവേചനം കാണിച്ച് പരാതിക്കാരിയെ ഒഴിവാക്കിയതായും പരാതിക്കാരിക്ക് നേരത്തെ പ്രസ്തുത തീരദേശത്ത് സ്ഥലവും വീടും ഉണ്ടായിരുന്നതായും സുനാമിയിൽ ഇത് നഷ്ടപ്പെട്ടതായും ആയതിനാൽ സുനാമിയിൽ വീട് നഷ്ടപ്പെട്ടവർക്ക് നിർമിച്ച് നൽകുന്ന വീടിന് പരാതിക്കാരി അർഹയാണെന്നും കമ്മീഷന് ബോധ്യപ്പെട്ടു. പരാതിക്കാരിക്ക് സുനാമി പദ്ധതി പ്രകാരമുള്ള വീട് പ്രസ്തുത പ്രദേശത്ത് തന്നെ നൽകണമെന്ന് കമ്മീഷൻ ഗവൺമെന്റിനോട് ശുപാർശ ചെയ്തു. ഇതിന് സാധിച്ചില്ലെങ്കിൽ മറ്റേതെങ്കിലും സർക്കാർ പദ്ധതിയിലുൾപ്പെടുത്തി പരാതിക്കാരിക്ക് സ്ഥലവും വീടും അനുവദിക്കാനും കമ്മീഷൻ നിർദേശിച്ചു.

### 3.1.2. എം.സി.ഒ.പി. നമ്പർ 271/2014- ജൂനിയർ ലാംഗ്വേജ് ടീച്ചർ തസ്തികയിലേയ്ക്കുള്ള പി.എസ്.സി നിയമനം നടത്തുന്നത് സംബന്ധിച്ച്.

07.07.2011 ന് നിലവിൽ വന്ന മലപ്പുറം ജില്ലയിലെ ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്)(യു.പി.എസ്) തസ്തികയിലെ നിയമനത്തിനുള്ള റാങ്ക് ലിസ്റ്റിൽനിന്നും നാമമാത്രമായ ഉദ്യോഗാർത്ഥികൾക്ക് മാത്രമേ നിയമനം നൽകിയിട്ടുള്ളൂവെന്നും കൂടുതൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യണം എന്നും നിലവിലെ റാങ്ക് ലിസ്റ്റിന്റെ കാലാവധി വർധിപ്പിച്ച്

പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും കൂടുതൽ പേരെ നിയമിക്കണമെന്നും ആവശ്യപ്പെട്ട് റാങ്ക് ഹോൾഡേഴ്സ് അസോസിയേഷൻ നൽകിയ പരാതി(എം.സി.ഒ.പി നം. 271/2014) കമ്മീഷൻ പരിഗണിച്ചു. പ്രസ്തുത കേസിൽ ബന്ധപ്പെട്ടവരിൽനിന്നുള്ള റിപ്പോർട്ട് പരിശോധിക്കുകയും കക്ഷികളെ നേരിട്ട് കേൾക്കുകയും ചെയ്തു. നിലവിലെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർഥികളിൽ ഭൂരിഭാഗവും പ്രായപരിധി കഴിഞ്ഞവരാണെന്നും, ഇനി ഒരു മത്സരപരീക്ഷ എഴുതാൻ കഴിയാത്തവരാണെന്നും കമ്മീഷന് ബോധ്യപ്പെട്ടു. എൻ.സി.എ പ്രകാരം 27 ഒഴിവുകൾ സംവരണ വിഭാഗത്തിൽ മാറ്റിവെച്ചിട്ടുണ്ടെന്നും ഇതിൽ സംവരണ സമുദായത്തിൽപെട്ട ഉദ്യോഗാർഥികൾ ഇല്ലെന്നും ആ ഇനത്തിൽ ഉള്ള ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചുവെന്നും പി.എസ്.സി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യാൻ വീഴ്ച വന്നതിനാലാണ് റാങ്ക് ലിസ്റ്റിൽനിന്നും അർഹരായ ഉദ്യോഗാർഥികൾക്ക് നിയമനം ലഭിയ്ക്കാതെ വന്നതെന്ന് ബോധ്യമായ കമ്മീഷൻ ഒഴിവുകൾ 10 ദിവസത്തിനകം റിപ്പോർട്ട് ചെയ്യാൻ ഉത്തരവിട്ടു. പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുകയും കൂടുതൽ ഉദ്യോഗാർഥികൾക്ക്നിയമനം നൽകുകയും ഉണ്ടായി.

**3.1.3 എം.സി.ഒ.പി 456/2014, 457/2014- വീടിന് മുന്നിലെ വെള്ളക്കെട്ട് ഒഴിവാക്കണമെന്നും അതു വഴിയുള്ള റോഡ് പണി നടത്തുമ്പോൾ ഓട നിർമ്മിക്കണമെന്നും ഉള്ള പരാതി.**

ശ്രീമതി സൗദാബീവി, പുത്തൻവീട്, പനയാർ, മാന്തർക്കോണം പി.ഒ, തിരുവനന്തപുരം അശാസ്ത്രീയമായ രീതിയിൽ റോഡുപണി നടത്തിയതുമൂലം തന്റെ വീടിനുമുന്നിലുണ്ടായ വെള്ളക്കെട്ട് ഒഴിവാക്കുന്നത് സംബന്ധിച്ചും അതുവഴിയുള്ള റോഡ് പണി നടത്തുമ്പോൾ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് ഓടകൂടി നിർമിക്കണമെന്ന് അപേക്ഷിച്ചും കമ്മീഷൻ മുമ്പാകെ പരാതി സമർപ്പിച്ചിരുന്നു. പ്രസ്തുത പരാതിയിന്മേൽ കമ്മീഷൻ ഹർജിക്കാരിയേയും എതിർകക്ഷികളെയും വിചാരണ ചെയ്യുകയും നേരിട്ട് സ്ഥലം സന്ദർശിക്കുകയും ചെയ്തു. വാളൻകുഴി ആദിവാസി സെറ്റിൽമെന്റിന് സമീപമുള്ള ടി റോഡിൽ ഓട നിർമിക്കുന്നതിന് അനുമതിക്കായി വനാവകാശ നിയമപ്രകാരം വേണ്ട നടപടി സ്വീകരിക്കാൻ നന്ദിയോട് പഞ്ചായത്ത് സെക്രട്ടറിയോട് കമ്മീഷൻ നിർദേശിച്ചു. കമ്മീഷൻ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരിയുടെ വീടിന് മുമ്പിലെ വെള്ളക്കെട്ട് സംബന്ധിച്ച് ശാശ്വതപരിഹാരം കണ്ടു.

**3.1.4. എം.സി.ഒ.പി. നമ്പർ 12/2014 - റവന്യൂ അധികൃതരുടെ ബോധപൂർവമായ വീഴ്ചകൊണ്ട് മൗലാനാ ആസാദ് ഫൗണ്ടേഷന്റെ ഗ്രാന്റ് നഷ്ടപ്പെട്ടുവെന്ന പരാതി.**

റവന്യൂ അധികൃതരുടെ അനാസ്ഥ കാരണം ഡൽഹി മൗലാനാ ആസാദ് വിദ്യാഭ്യാസ ഫൗണ്ടേഷനിൽനിന്ന് ലഭിയ്ക്കേണ്ടിയിരുന്ന ഗ്രാന്റ് നഷ്ടപ്പെട്ടുവെന്ന് കാണിച്ച് പരപ്പൻ പൊയിൽ നുസ്റത്തുൽ മുഹ്താജീൻ സംഘം നടത്തുന്ന എൻ.ഐ.ആർ ഹൈസ്കൂൾ അധികൃതർ കമ്മീഷന് പരാതി സമർപ്പിച്ചു(എം.സി.ഒ.പി നമ്പർ 12/2014). ഗ്രാന്റ് അനുവദിക്കുന്നതിന് സർക്കാരിന് സമർപ്പിക്കേണ്ടിയിരുന്ന അപേക്ഷയോടൊപ്പം ഉൾക്കൊള്ളിക്കുന്നതിനായി നോൺ അഗ്രികൾച്ചറൽ ലാന്റ് സർട്ടിഫിക്കറ്റിന് കോഴിക്കോട് ആർ.ഡി.ഒക്ക് അപേക്ഷ സമർപ്പിച്ചുവെങ്കിലും അകാരണമായി അധികൃതർ കാലതാമസം വരുത്തുകയും അതുകാരണം ഡൽഹി മൗലാനാ ആസാദ് വിദ്യാഭ്യാസ ഫൗണ്ടേഷനിൽനിന്നും ലഭിയ്ക്കേണ്ടിയിരുന്ന ഗ്രാന്റ് നഷ്ടപ്പെട്ടുവെന്നുമാണ് പരാതിക്കാരന്റെ ആക്ഷേപം.

പരാതി പരിഗണിച്ച കമ്മീഷൻ ബന്ധപ്പെട്ടവരിൽനിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടു. ബന്ധപ്പെട്ട റവന്യൂ ഉദ്യോഗസ്ഥർ കൃഷിവകുപ്പ് ആഫീസർ, മറ്റു അനുബന്ധ ഉദ്യോഗസ്ഥർ

എന്നിവരെ കമ്മീഷൻ വിസ്തരിച്ചു. പരാതിക്കാരൻ നോൺ അഗ്രികൾച്ചറൽ ലാന്റ് സർട്ടിഫിക്കറ്റിന് വേണ്ടി അപേക്ഷിയ്ക്കുകയും അപേക്ഷ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ടൈപ്പ് ചെയ്ത് അയച്ചപ്പോൾ സർവേ നമ്പർ തെറ്റായി ചേർത്തുവെന്നും ഇതു കണ്ടെത്താൻ വൈകിപ്പോയി എന്നുമാണ് ഉദ്യോഗസ്ഥർ നൽകിയ വിശദീകരണം. തെറ്റ് കണ്ടെത്തിയ അപേക്ഷകൻ സ്ഥലത്തിന്റെ ഫോട്ടോയും വീഡിയോയും ആവശ്യപ്പെട്ട പ്രകാരം നൽകിയെങ്കിലും വിവിധ കാരണങ്ങൾ പറഞ്ഞ് അപേക്ഷ നിരസിക്കുകയും ഇതിനായി നിരവധി തവണ വിവിധ ആഫീസുകൾ കയറിയിറങ്ങിയെന്നും അപേക്ഷകൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു.

പരാതിക്കാരന്റെ സ്കൂളിലെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിന് കേന്ദ്ര ഗവണ്മെന്റിൽനിന്ന് അർഹമായ ഗ്രാന്റ് ലഭിയ്ക്കുന്നതിന് വേണ്ടിയാണ് കർഷകേതര ഭൂമിയാണെന്ന സർട്ടിഫിക്കറ്റിന് റവന്യൂ അധികൃതരെ സമീപിച്ചതെന്നും, നൂറുകണക്കിന് വിദ്യാർഥികൾ പഠിയ്ക്കുന്നതും പ്രശസ്തമായ നിലയിൽ പ്രവർത്തിക്കുന്നതുമായ പ്രസ്തുത സ്കൂളിന് ഗ്രാന്റ് ലഭ്യമാക്കുന്നതിന് നിയമപരമായ എല്ലാ സഹായവും ചെയ്ത് കൊടുക്കാൻ ബാധ്യസ്ഥരായ റവന്യൂ അധികാരികൾ, തികച്ചും ലാഘവബുദ്ധിയോടെ വിഷയം കൈകാര്യം ചെയ്തതിനാൽ അർഹതപ്പെട്ട ഗ്രാന്റ് സ്കൂളിന് നഷ്ടപ്പെട്ടുവെന്ന് കമ്മീഷന് ബോധ്യമായി.

ആയതിനാൽ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്ട് 2014, സെക്ഷൻ 9 വകുപ്പ് പ്രകാരം കമ്മീഷന് സിദ്ധിച്ചിട്ടുള്ള അധികാരമുപയോഗിച്ചുകൊണ്ട്, പരാതിക്കാരന് സർട്ടിഫിക്കറ്റ് നൽകുന്നതിന് കാലതാമസം വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കാൻ ശുപാർശ ചെയ്യുകയും ഭാവിയിൽ ഇത്തരം പിഴവുകൾ ആവർത്തിക്കാതിരിക്കുന്നതിന് ജില്ലാ കളക്ടർ ജാഗ്രത പുലർത്തേണ്ടതാണെന്ന് നിർദേശവും നൽകി.

**3.1.5 എം.സി.ഒ.പി 288/2014-തിരുവനന്തപുരം ജില്ല-ട്രാൻസ്ഫർ നൽകുന്നതിൽ സീനിയോറിറ്റി ലംഘിച്ചു.**

ഫാക്ടറീസ് & ബോയിലേഴ്സ് ഡിപ്പാർട്ട്മെന്റിൽ ഓഫിസ് അറ്റൻഡറായ തന്റെ മകന് അർഹമായ ട്രാൻസ്ഫറും പോസ്റ്റിങ്ങും ലഭിച്ചില്ലെന്നു കാണിച്ച് പിതാവായ ശ്രീ അയ്യൂബ് കമ്മീഷന് പരാതി നൽകി. കൊല്ലത്ത് കാഷ്യൂ സ്പെഷ്യൽ ഓഫീസിൽ ജോലി ചെയ്യുന്ന ഫിർദൗസിനെ തിരുവനന്തപുരത്തെ ഓഫീസിൽ ഒഴിവുവന്ന ഓഫീസ് അറ്റന്റൻഡന്റിന്റെ തസ്തികയിലേക്ക് മാറ്റുന്നതിന് അപേക്ഷ നൽകിയെങ്കിലും ആയത് പരിഗണിക്കാതെ ടിയാനേക്കാൾ ജൂനിയറായ മറ്റൊരാൾക്കാണ് നിയമനം നൽകിയത്. കമ്മീഷൻ ഇരു കക്ഷികളിൽനിന്നും വാദം കേൾക്കുകയും രേഖകൾ പരിശോധി ക്കുകയും ചെയ്തു. ഹർജിക്കാരന്റെ മകൻ ട്രാൻസ്ഫറിന് അപേക്ഷ നൽകിയ ശേഷം ടിയാനേക്കാൾ ജൂനിയറായ മറ്റൊരാൾക്കാണ് തിരുവനന്തപുരത്തെ ഓഫീസിൽ നിയമനം നൽകിയതെന്ന് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് ഡയറക്ടർ സമ്മതിക്കുകയുണ്ടായി. തുടർന്നു വരുന്ന ഒഴിവ് ഹർജിക്കാരന്റെ മകന് നൽകാമെന്നും ഡയറക്ടർ ബോധിപ്പിച്ചു. ഹർജിക്കാരന്റെ മകന് എത്രയും പെട്ടെന്ന് തിരുവനന്തപുരം ജില്ലയിൽ ഓഫീസ് അറ്റന്റന്റ് തസ്തികയിൽ നിയമനം നൽകണമെന്നും ഭാവിയിൽ ഇത്തരം വിവേചനം ആവർത്തിക്കരുതെന്നും കമ്മീഷൻ ഫാക്ടറീസ് & ബോയ്ലേഴ്സ് വകുപ്പ് ഡയറക്ടറോട് നിർദേശിച്ചു.

**3.1.6. എം.സി.ഒ.പി. നമ്പർ 410/2014-ഫോട്ടോയിൽ പേര് വച്ചില്ലെന്ന കാരണത്താൽ റാങ്ക് ലിസ്റ്റിൽനിന്നും ഒഴിവാക്കിയെന്ന പരാതി**

കെ.എസ്.ഇ.ബി ഇലക്ട്രിസിറ്റി വർക്കർ(മസ്ദൂർ) തസ്തികയിലേയ്ക്കുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുകയും എന്നാൽ പിന്നീട് ഫോട്ടോയിൽ പേരും തീയതിയും രേഖപ്പെടുത്തിയില്ല എന്ന കാരണത്താൽ റാങ്ക് ലിസ്റ്റിൽനിന്നും പി.എസ്.സി ഒഴിവാക്കി എന്ന് ശ്രീ. അൻവർ അലിയുടെ പരാതി(എം.സി.ഒ.പി നം. 410/2014) കമ്മീഷൻ സ്വീകരിക്കുകയും ബന്ധപ്പെട്ടവരിൽനിന്നും റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തു. കമ്പ്യൂട്ടർ പരിജ്ഞാനം ഇല്ലാത്തതിനാൽ അപേക്ഷകന് വേണ്ടി മറ്റൊരാൾ അപേക്ഷ അപ്‌ലോഡ് ചെയ്തപ്പോൾ സംഭവിച്ച പിഴവാണെന്നും പ്രായപരിധി കഴിഞ്ഞതിനാൽ ഇനിയൊരു പരീക്ഷ അപേക്ഷകന് എഴുതാൻ കഴിയില്ലെന്നും, മാത്രമല്ല എഴുത്തു പരീക്ഷയും കായിക പരീക്ഷയും കഴിഞ്ഞ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ശേഷമാണ് അധികൃതർ അപേക്ഷ നിരസിയ്ക്കുകയും ചെയ്തതെന്നും കമ്മീഷന് ബോധ്യമായി.

പ്രായപരിധി കഴിഞ്ഞ വ്യക്തി എന്നതിനാലും ഓൺലൈൻ രജിസ്ട്രേഷൻ വിവരങ്ങൾ തിരുത്തുന്നതിന് 45 ദിവസം പി.എസ്.സി തന്നെ അനുവദിയ്ക്കുന്നതിനാലും അപേക്ഷകന്റെ വിഷയം ഒരു പ്രത്യേക പരിഗണന നൽകി നിയമനത്തിന് പരിഗണിക്കണമെന്ന് കമ്മീഷൻ പബ്ലിക് സർവ്വീസ് കമ്മീഷന് ശുപാർശ നൽകി.

**3.1.7. എം.സി.ഒ.പി 127/2014–എറണാകുളം കരുമാലൂർ ജുമാമസ്ജിദ് ഖബർസ്ഥാൻ നിർമാണാനുമതി**

എറണാകുളം ജില്ലയിലെ പറവൂർ താലൂക്കിൽ കരുമാലൂർ ജുമാമസ്ജിദിന് ശ്മശാനം സ്ഥാപിക്കുന്നതിന് അനുമതി തേടിക്കൊണ്ട് മസ്ജിദ് അധികൃതർ ജില്ലാ മെഡിക്കൽ ആഫീസറുടെ അനുകൂല റിപ്പോർട്ട് പ്രകാരം ജില്ലാ കളക്ടർക്ക് നൽകിയിട്ടും അനുമതി ലഭിയ്ക്കാത്തതിനാൽ മസ്ജിദ് അധികൃതർ ന്യൂനപക്ഷ കമ്മീഷന് പരാതി സമർപ്പിച്ചു.

പരാതിക്കാരന്റെ മൊഴി പ്രകാരം കരുമാലൂർ പഞ്ചായത്തിലെ നൂറുൽ ഈമാൻ ജുമാമസ്ജിദിൽ 50 വർഷമായി ആരാധന നടത്തി വരുന്നതായും വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ മഹല്ലിൽ ആരെങ്കിലും മരണപ്പെട്ടാൽ മൃതദേഹം 6 കി.മീ അകലെ ആലങ്ങാട് പഞ്ചായത്തിലെ ആലങ്ങാട് മസ്ജിദ് ശ്മശാനത്തിൽ മറവു ചെയ്യണമെന്നും ഇത് പ്രദേശവാസികൾക്ക് പ്രയാസം സൃഷ്ടിക്കുന്നത് കൊണ്ട് നൂറുൽ ഈമാൻ പള്ളിയുമായി ചേർന്നുള്ള 71 സെന്റ് സ്ഥലത്തിൽ 3 സെന്റ് സ്ഥലത്ത് കോൺക്രീറ്റ് കല്ലറ നിർമിക്കാൻ പഞ്ചായത്തിനെ സമീപിക്കുകയും ആയതിന് പഞ്ചായത്ത് അനുമതി നൽകുകയും ജില്ലാ മെഡിക്കൽ ആഫീസറുടെ ശുപാർശയോടെ എറണാകുളം ജില്ലാ കളക്ടർക്ക് അയച്ചുവെന്നും, എന്നാൽ ജില്ലാ കളക്ടർ ഇല്ലാത്ത ക്രമസമാധാനം പറഞ്ഞ് ഹിയറിംഗ് പോലും നടത്താതെ അനുമതി നിഷേധിച്ചുവെന്നുമാണ് അപേക്ഷകൻ ബോധിപ്പിച്ചത്. ഇതിനെതിരെ സർക്കാരിൽ അപ്പീൽ നൽകിയിരുന്നുവെങ്കിലും നാളിതുവരെയായി യാതൊരു തീരുമാനവും കൈക്കൊണ്ടിട്ടില്ലെന്നും അപേക്ഷകൻ മൊഴി നൽകി.

റവന്യൂ, പഞ്ചായത്ത് അധികാരികളിൽനിന്നും റിപ്പോർട്ട് വരുത്തി കമ്മീഷൻ പരിശോധിച്ചു. കൂടാതെ പ്രസ്തുത ശ്മശാനത്തിന്റെ പരിസരവാസികളെ കമ്മീഷൻ നേരിൽ കേട്ട് മൊഴി രേഖപ്പെടുത്തി. പോലീസ് അധികാരികളിൽനിന്നും കമ്മീഷൻ മൊഴി എടുക്കുകയും കമ്മീഷൻ നേരിട്ട് സ്ഥല സന്ദർശനം നടത്തുകയും ചെയ്തു. ശ്മശാനത്തിന്റെ പരിസരവാസികൾക്ക് പ്രസ്തുത ശ്മശാനം വരുന്നതിൽ എതിർപ്പുകൾ ഒന്നും ഇല്ലെന്നും കോൺക്രീറ്റ് ശ്മശാനം ആയതിനാൽ ജലമലിനീകരണമോ മറ്റു ആരോഗ്യ പ്രശ്നങ്ങളോ ഒന്നും ഉണ്ടാകുന്നില്ലെന്നും മൊഴി നൽകി. മാത്രമല്ല, ക്രമസമാധാന വിഷയം കൈകാര്യം ചെയ്യാൻ പ്രതിജ്ഞാബദ്ധരാണെന്ന് പോലിസ് മൊഴി നൽകി.

മേൽ വിഷയം പരിഗണിച്ച കമ്മീഷൻ, ശ്മശാനം നിശ്ചിത ദൂരപരിധി പാലിച്ചിട്ടുണ്ടെന്നും, മലിനീകരണ പ്രശ്നമുണ്ടാവില്ലെന്നും നിയമപ്രകാരം ശ്മശാനം നിർമിക്കാവുന്നതാണെന്നും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 2014ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്ടിലെ 9(എച്ച്), (ഐ) വകുപ്പുകൾ പ്രകാരം ടി ശ്മശാനം കോൺക്രീറ്റ് ശ്മശാനമായി നിർമിക്കുന്നതിന് ഭരണകൂടത്തിന് മുമ്പിലുള്ള പ്ലാൻ അനുസരിച്ച് അനുമതി നൽകുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിക്കാൻ കമ്മീഷൻ ശുപാർശ ചെയ്തു.

## 1.2. കമ്മീഷൻ സ്വമേധയാ നടപടി സ്വീകരിച്ച കേസുകൾ

### 3.2.1. ദളിത് ക്രൈസ്തവരെപ്പറ്റി പഠിക്കുന്ന ഗവേഷകന് ഗ്രാന്റ് നിഷേധിച്ചത് സംബന്ധിച്ച്

ദളിത് ക്രൈസ്തവരുടെ പ്രാർത്ഥനാ ജീവിതത്തെപ്പറ്റി ഗവേഷണം നടത്തുന്ന അധ്യാപകന് മഹാത്മാഗാന്ധി സർവ്വകലാശാല ഗ്രാന്റ് നിഷേധിച്ചു എന്ന പത്രവാർത്തയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ കേസ് എടുത്തു. ദളിത് ക്രൈസ്തവരുടെ പ്രാർഥനാ ജീവിതത്തെപ്പറ്റി പഠിക്കുന്നത് മതപരിവർത്തനം നടത്താനാണെന്ന വികലമായ കണ്ടുപിടുത്തമാണ് സർവ്വകലാശാലയിലെ ചില ഉദ്യോഗസ്ഥരുടെതെന്നും, അതിനാൽ ഗവേഷകന് ലഭിക്കേണ്ടിയിരുന്ന ഗ്രാന്റ് ഇവർ ബോധപൂർവം തടഞ്ഞുവച്ചിരിക്കുകയാണെന്നുമാണ് ആക്ഷേപം ഉന്നയിച്ചിരുന്നത്. കമ്മീഷൻ ഇതിന്മേൽ എം.ജി. സർവ്വകലാശാല അധികൃതരിൽനിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടു.

എം.ജി. സർവ്വകലാശാലയിലെ സ്കൂൾ ഓഫ് സോഷ്യൽ സ്റ്റഡീസിലെ അസോസിയേറ്റ് പ്രൊഫസർ ഡോ. സനൽ മോഹന് ന്യൂയോർക്കിലെ വിഖ്യാതമായ സോഷ്യൽ സയൻസ് റിസർച്ച് കൗൺസിലാണ് ഗവേഷണത്തിനുള്ള ഗ്രാന്റ് നൽകുന്നതെന്നും ലോകത്തിലെ പ്രശസ്തമായ അക്കാദമിക സ്ഥാപനങ്ങളെ ഉൾപ്പെടുത്തി കൗൺസിൽ നടത്തുന്ന *മതം പൊതു മണ്ഡലത്തിൽ* എന്ന ഗവേഷണ പദ്ധതിയുടെ ഭാഗമാണിതെന്നും കമ്മീഷന് ബോധ്യപ്പെട്ടു. ന്യൂയോർക്കിലെ സ്ഥാപനം ഗഡുക്കളായി സർവ്വകലാശാല മുഖേനയാണ് ഗവേഷകന് പണം നൽകുന്നത്. എന്നാൽ രണ്ടാം ഗഡു കൈമാറുന്നത് മുതൽ അനാവശ്യ കാരണങ്ങൾ പറഞ്ഞ് ഗവേഷകന് സർവകലാശാല ഗ്രാന്റ് നിഷേധിച്ചു. സ്ഥാപനത്തിന്റെ വിശ്വാസ്യത ഹാജരാക്കിയില്ല; സ്ഥാപനവുമായി സർവ്വകലാശാലാ രജിസ്ട്രാർ കരാർ ഉണ്ടാക്കിയിട്ടില്ല എന്ന യൂണിവേഴ്സിറ്റിയുടെ നിലപാട് കമ്മീഷൻ അംഗീകരിച്ചില്ല. നിയമപ്രകാരം എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കിയശേഷമാണ് യൂണിവേഴ്സിറ്റി അധികൃതർ ഗവേഷകനെ പ്രസ്തുത വിഷയത്തിൽ ഗവേഷണം നടത്താൻ അനുവദിച്ചതും, ഗ്രാന്റ് നൽകിയതും. ഗവേഷണത്തിന് അനുമതി നൽകിയശേഷമുള്ള നിബന്ധനകൾ നിലനിൽക്കുന്നതല്ല. അതിനാൽ ഗവേഷകന് അർഹതപ്പെട്ട ഗ്രാന്റ് എത്രയും വേഗം നൽകാൻ കമ്മീഷൻ നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഗവേഷകന് യൂണിവേഴ്സിറ്റി ഗ്രാന്റ് നൽകുകയുണ്ടായി.

### 3.2.2. പിഞ്ചുമക്കളെ തട്ടിക്കൊണ്ടുപോയെന്ന പരാതി സംബന്ധിച്ച്

സ്വന്തമായി ഭവനമോ ഒരു തൊഴിലോ ഇല്ലാതെ തെരുവിൽ അന്തിയുറങ്ങുകയായിരുന്ന അനീഷിന്റെയും ജാസ്മിന്റെയും മക്കളായ അൻസിലിനേയും മാഹീനേയും രണ്ട് വർഷങ്ങൾക്ക് മുമ്പ് ആരോ തട്ടിക്കൊണ്ടുപോയെന്നും മക്കളെക്കുറിച്ച് യാതൊരു വിവരവും ഇല്ലാതെ മാതാപിതാക്കൾ തെരുവിൽ അലയുന്നു എന്ന പത്രവാർത്തയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയാ കേസ് രജിസ്റ്റർ ചെയ്തു. ജില്ലാ പോലിസ് മേധാവിയിൽനിന്നും കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ടു. ആലപ്പുഴയിൽ

പ്രവർത്തിക്കുന്ന ക്രസന്റ് അനാഥാലയത്തിൽ പഠിച്ചിരുന്ന കുട്ടികൾ അവിടെനിന്നും വിട്ടുപോകുകയും പിന്നീട് തിരിച്ചെത്തിയിട്ടില്ലാത്തതും, ടി കുട്ടികൾ തെരുവിൽ അലഞ്ഞ് തിരിയവേ പോലിസ് കസ്റ്റഡിയിൽ എടുത്ത് നൂറനാട് ചിൽഡ്രൻസ് ഹോമിൽ പ്രവേശിപ്പിക്കുകയും പിന്നീട് കുട്ടികളെ മായിത്തറ ചിൽഡ്രൻസ് ഹോമിൽ ചേർക്കുകയും ചെയ്തിട്ടുള്ളതായി വെളിവായി. കമ്മീഷൻ പ്രസ്തുത കേസിൽ നടത്തിയ ഇടപെടൽ മൂലം മാതാപിതാക്കൾക്ക് വർഷങ്ങളായി യാതൊരു വിവരവും ലഭ്യമല്ലാതിരുന്ന കുട്ടികളെക്കുറിച്ചുള്ള വിവരം ലഭ്യമാവുകയും കുട്ടികളെ തിരികെ ലഭിയ്ക്കുകയും ചെയ്തു.

### 3.2.3. കൊച്ചിയിൽ യാത്രാബോട്ട് മുങ്ങി പത്തുപേർ മരണമടഞ്ഞത് സംബന്ധിച്ച്

ഫോർട്ട് കൊച്ചിയിൽ മീൻപിടുത്ത ബോട്ടിടിച്ച് യാത്രാബോട്ട് മറിയുകയും 10 പേർ മരണപ്പെടുകയും നിരവധി പേർക്ക് പരിക്ക് ഏൽക്കുകയും ചെയ്ത സംഭവത്തിൽ അപകടത്തിൽപ്പെട്ടവർക്ക് സമാശ്വാസവും നഷ്ടപരിഹാരവും നൽകുന്നത് സംബന്ധിച്ച് കമ്മീഷൻ സ്വമേധയാ കേസ് എടുത്തിരുന്നു(എം.സി.ഒ.പി നം. 375/2015). കമ്മീഷൻ ബോട്ടപകടം നടന്ന സ്ഥലവും മരണമടഞ്ഞവരുടെ വീടുകളും അപകടത്തിൽപ്പെട്ടവരേയും സന്ദർശിച്ചു. സംഭവം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ജലഗതാഗത വകുപ്പ്, പോർട്ട് അതോറിറ്റി, നഗരസഭ, പോലിസ് എന്നിവരിൽനിന്നും കമ്മീഷൻ ആവശ്യപ്പെട്ടു. അപകടത്തിൽപെട്ട ബോട്ട് നാൽപത് വർഷം പഴക്കമുള്ളതാണെന്നും കാലാനുസൃതമായ അറ്റകുറ്റപണികൾ നടത്തിയിരുന്നില്ലെന്നും കൂടാതെ കൗണ്ടറിൽനിന്നും ടിക്കറ്റ് എടുത്തതിനേക്കാൾ കൂടുതൽ പേർ ബോട്ടിൽ തിങ്ങികയറിയതും അപകടത്തിന് കാരണമായെന്നും കൂടാതെ മത്സ്യബന്ധന ബോട്ടിൽ ഉണ്ടായിരുന്ന ഡീസൽ വെള്ളത്തിൽ കലർന്നത് അപകടത്തിൽപ്പെട്ടവരുടെ അപകടനില കൂടുതൽ രൂക്ഷമാക്കിയെന്നും കമ്മീഷന് ബോധ്യമായി. തുടർന്ന്, അപകടത്തിൽപെട്ടവർക്ക് വേണ്ട ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഉടൻ നൽകണമെന്നും, യാത്രാബോട്ടുകൾ കാലാനുസൃതമായ അറ്റകുറ്റപ്പണികൾ നടത്തി യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കണമെന്നും ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള മുൻകരുതലുകൾ അധികൃതർ സ്വീകരിക്കണമെന്നും കമ്മീഷൻ നിർദേശം നൽകി.

### 3.2.4. അലിഗഡ് സർവകലാശാലയിലെ എം.ബി.ബി.എസ്, ബി.ഡി.എസ് പരീക്ഷ റദ്ദാക്കിയത് സംബന്ധിച്ച്

അലിഗഡ് സർവ്വകലാശാല നടത്തിയ എം.ബി.ബി.എസ്/ബി.ഡി.എസ് പ്രവേശന പരീക്ഷകൾ റദ്ദാക്കിയത് സംബന്ധിച്ച പത്രവാർത്തയെ തുടർന്ന് ന്യൂനപക്ഷ കമ്മീഷൻ സ്വമേധയാ കേസ് എടുത്തു. സർവകലാശാല അധികൃതർ കോഴിക്കോട് ഫാറൂഖ് കോളജിൽ നടത്തിയ പരീക്ഷയിൽ ക്രമക്കേട് നടത്തി എന്നാരോപണം ഉന്നയിച്ചായിരുന്നു പരീക്ഷ റദ്ദ് ചെയ്തത്. ഇത് സംബന്ധിച്ച് കേന്ദ്ര മാനവശേഷിവികസന വകുപ്പിനോട് കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ടു. നേരത്തെ കേരളത്തിലെ പരീക്ഷാ കേന്ദ്രമായ ഫാറൂഖ് കോളജിൽ പരീക്ഷയെഴുതി റാങ്ക് ലിസ്റ്റിൽ വന്ന 30 പേരുടെ പരീക്ഷാ ഫലം തടഞ്ഞുവച്ചിരുന്നു. ഇപ്പോൾ പരീക്ഷ തന്നെ റദ്ദാക്കിയിരിക്കുന്നത് തികച്ചും അന്യായമാണെന്ന് കമ്മീഷന് ബോധ്യമായി. കൂടുതൽ പേർ യോഗ്യത നേടിയെന്ന തൊടുന്യായം കമ്മീഷൻ മുഖവിലക്കെടുത്തില്ല. കേരളത്തിൽനിന്നും കൂടുതൽ പേർ യോഗ്യത നേടിയെന്ന കാരണം ഒരപരാധം പോലെ കണക്കാക്കുന്നത് ശരിയല്ലെന്നും കമ്മീഷൻ വിലയിരുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റി നിലപാടിൽ പിന്നീട് മാറ്റം വരുത്തി പരീക്ഷാ ഫലം പ്രസിദ്ധീകരിക്കുകയും ചെയ്തു.

## 3.3 കമ്മീഷൻ നടത്തിയ സ്ഥല സന്ദർശനങ്ങൾ

ന്യൂനപക്ഷങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് നേരിട്ട് മനസ്സിലാക്കുന്നതിനും അവയ്ക്കുള്ള പരിഹാരമാർഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള നിയമങ്ങളും ഉത്തരവുകളും നടപ്പാക്കുന്നതിൽ ന്യൂനപക്ഷങ്ങളോട് വിവേചനമുണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനും ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ-സാമൂഹിക-സാമ്പത്തിക തൊഴിൽമേഖലകളിലുണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തുന്നതിനും കമ്മീഷൻ വിവിധ സ്ഥലസന്ദർശനങ്ങൾ നടത്തുകയുണ്ടായി.

**1.3.1. തിരുവനന്തപുരം ജില്ലയിലെ തീരദേശ പ്രദേശങ്ങൾ**

തിരുവനന്തപുരം ജില്ലയിൽ ന്യൂനപക്ഷ വിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന കടലോര പ്രദേശങ്ങളിൽ 28.04.15ൽ കമ്മീഷൻ സന്ദർശനം നടത്തുകയും ആ പ്രദേശങ്ങളിലെ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ജനങ്ങളുടെ സാമൂഹിക-സാമ്പത്തിക-വിദ്യാഭ്യാസ-തൊഴിൽ മേഖലകളിലെ പുരോഗതി കമ്മീഷൻ നേരിട്ട് വിലയിരുത്തുകയും ചെയ്തു. പ്രസ്തുത പ്രദേശത്തെ ന്യൂനപക്ഷ വിഭാഗത്തിൽ പെട്ടവരുടെ സാമൂഹിക സാമ്പത്തിക-വിദ്യാഭ്യാസ-തൊഴിൽ പുരോഗതിയെക്കുറിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്യുകയും പ്രസ്തുത ജനങ്ങളുടെ ഉന്നമനത്തിന് വേണ്ടി സ്വീകരിക്കേണ്ട നടപടികൾ സർക്കാരിനോട് ശുപാർശ ചെയ്യുകയും ചെയ്തു.

**3.3.2 എറണാകുളം ഫോർട്ട് കൊച്ചി ജെട്ടിയിൽ മീൻ പിടുത്ത ബോട്ടിടിച്ച് യാത്രാബോട്ട് മുങ്ങി നിരവധി യാത്രക്കാർ മരണപ്പെട്ടതു സംബന്ധിച്ച്**

എറണാകുളം ഫോർട്ട് കൊച്ചി ജെട്ടിയിൽ മീൻ പിടുത്ത ബോട്ടിടിച്ച് യാത്രാബോട്ട് മുങ്ങി നിരവധി യാത്രക്കാർ മരണപ്പെടുകയും അനവധി പേർക്ക് പരിക്ക് ഏൽക്കുകയും ചെയ്ത സംഭവത്തിൽ കമ്മീഷൻ പ്രസ്തുത സ്ഥലവും മരണമടഞ്ഞവരുടെയും പരിക്ക് പറ്റിയവരുടെയും വീടുകൾ സന്ദർശിക്കുകയും കമ്മീഷൻ കേസ് എടുത്തിട്ടുള്ളതുമാണ്. സംഭവത്തെ സംബന്ധിച്ച് സംസ്ഥാന സർക്കാർ, കൊച്ചി നഗരസഭ, കൊച്ചിൻ പോർട്ട് അധികൃതർ എന്നിവരുടെ പ്രതിനിധികളുമായി സംസാരിച്ച് മരണപ്പെട്ടവരുടെ ആശ്രിതർക്കും പരിക്ക് പറ്റിയവർക്കും അടിയന്തിര ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുകയും ചെയ്തു.

**3.3.3 ക്രൈസ്തവ ദേവാലയം ആക്രമിച്ചത് സംബന്ധിച്ച്**

കൊല്ലം ജില്ലയിലെ അമ്പലംകുന്നിൽ കൃസ്ത്യൻ കുരിശടി ആക്രമികൾ തകർത്ത സംഭവത്തിൽ കമ്മീഷൻ പ്രസ്തുത സ്ഥലം സന്ദർശിക്കുകയും പോലിസ് അധികാരികളുമായും സ്ഥലവാസികളുമായും ചർച്ച നടത്തി അക്രമികളെ ഉടൻ അറസ്റ്റ് ചെയ്യുന്നതിന് നിർദേശം നൽകിയിരുന്നു. കൂടാതെ ദേവാലയങ്ങൾക്ക് മതിയായ സംരക്ഷണം ഉറപ്പ് വരുത്തുവാനും , ഭരണഘടന അനുവദിക്കുന്ന ആരാധനാ സ്വാതന്ത്ര്യം തടസ്സപ്പെടുന്നില്ലെന്ന് ഉറപ്പ് വരുത്താനും പോലിസ് അധികൃതർക്ക് കമ്മീഷൻ നിർദേശം നൽകുകയുണ്ടായി.

**3.3.4. എറണാകുളം കരുമാലൂർ ജുമാ മസ്ജിദ്**

എറണാകുളം കരുമാലുർ ജുമാമസ്ജിദ് പ്രദേശത്ത് ശ്മശാനം നിർമ്മിക്കുന്നത് സംബന്ധിച്ച് ഉണ്ടായ തർക്കങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനും ഇതിൽ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി കമ്മീഷൻ പ്രസ്തുത സ്ഥലം സന്ദർശിക്കുകയും ബന്ധപ്പെട്ടവരുമായി ചർച്ച നടത്തുകയും ഭരണഘടന അനുശാസിക്കുന്നപ്രകാരമുള്ള ആരാധനാ സ്വാതന്ത്ര്യം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തു.

**3.3.5. തങ്കശ്ശേരി കുരിശ്ശടി ആക്രമണം**

അജ്ഞാതരുടെ ആക്രമണത്തിൽ കേടുപാടുകൾ സംഭവിച്ച തങ്കശ്ശേരി ഹോളിക്രോസ് ദേവാലയം ന്യൂനപക്ഷ കമ്മീഷൻ സന്ദർശിച്ചു. ആർ.ഡി.ഒ, അസിസ്റ്റന്റ്

കമ്മീഷണർ ഓഫ് പോലിസ് ഇടവക വികാരി എന്നിവരോട് കമ്മീഷൻ സംഭവത്തെക്കുറിച്ചുള്ള വിവരങ്ങൾ ആരായുകയും നിലനിൽക്കുന്ന മതസൗഹാർദം തകർക്കാൻ ശ്രമിക്കുന്ന സാമൂഹ്യദ്രോഹികളെ ഉടൻ അറസ്റ്റ് ചെയ്യണമെന്ന് പോലിസിന് നിർദേശം നൽകുകയും പ്രദേശത്തെ ജനങ്ങൾക്ക് സമാധാനാന്തരീക്ഷം ഉണ്ടാക്കാൻ ആത്മാർഥമായ ശ്രമങ്ങൾ നടത്തുവാൻ ബന്ധപ്പെട്ടവർക്ക് നിർദേശം നൽകുകയും ചെയ്തു.

**3.3.6. ആറ്റിങ്ങൽ പാസ്റ്റർമാരെ ആക്രമിച്ചത്.**

ആറ്റിങ്ങലിൽ പ്രാർത്ഥനക്കിടെ മതവർഗീയവാദികളുടെ ആക്രമണത്തിന് ഇരയായ ക്രിസ്തീയ പാസ്റ്റർമാരെയും വിശ്വാസികളെയും കമ്മീഷൻ സന്ദർശിച്ചു. പ്രാർത്ഥന നടത്തിയ വിശ്വാസികളെ ആക്രമിച്ച സംഭവത്തിൽ പോലിസ് ഭാഗത്തുനിന്നുണ്ടായ വീഴ്ചയെ കമ്മീഷൻ ശാസിച്ചു. അക്രമം നടന്ന ആറ്റിങ്ങൽ മുൻസിപ്പൽ ലൈബ്രറി ഹാളും

കമ്മീഷൻ സന്ദർശിക്കുകയും ന്യൂനപക്ഷ വിഭാഗങ്ങളുടെ ആരാധനാ കേന്ദ്രങ്ങൾക്ക് വേണ്ടവിധത്തിൽ സുരക്ഷ ഒരുക്കണമെന്നും ബന്ധപ്പെട്ടവർക്ക് നിർദേശം നൽകി.

## അദ്ധ്യായം 4

# കമ്മീഷൻ നടത്തിയിട്ടുള്ള ജില്ലാതല യോഗങ്ങൾ,

കേരള സംസ്ഥാനത്തിലെ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ-സാമൂഹിക-സാമ്പത്തിക പുരോഗതി കൈവരിക്കുക എന്ന ലക്ഷ്യത്തോടെ രൂപീകൃതമായ സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ പ്രസ്തുത ലക്ഷ്യം പൂർത്തീകരിക്കുന്നതിനും ന്യൂനപക്ഷ ജനവിഭാഗങ്ങളെ അവരുടെ കടമകളെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചും ബോധവൽക്കരണം നടത്തി അവരെ ശാക്തീകരിക്കുന്നതിനുവേണ്ടി കാലാകാലങ്ങളിൽ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളിൽ അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുക എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനും കേരളത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ സെമിനാറുകൾ, ചർച്ചകൾ, സിംപോസിയം എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.

കേരളത്തിലെ വിവിധ മതസംഘടനകൾ, വിദ്യാർഥി യുവജന പ്രസ്ഥാനങ്ങൾ, സാംസ്കാരിക സാമൂഹിക പ്രവർത്തകർ അടക്കം നിരവധി പ്രമുഖർ ഈ ചർച്ചകളിൽ വളരെ സജീവമായി ഇടപെടുകയും ഇതിന്റെ ലക്ഷ്യപൂർത്തീകരണത്തിനായി പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കേരളത്തിലെ ഭൂരിപക്ഷ-ന്യൂനപക്ഷ സാമൂഹിക സന്തുലനാവസ്ഥ ഉറപ്പാക്കുവാനും മതസൗഹാർദ്ദം ഊട്ടിയുറപ്പിക്കാനും അത് വഴി രാജ്യത്തിന്റെ ജനാധിപത്യ മൂല്യങ്ങൾ മുറുകെപിടിക്കുവാനും ഇത്തരം പ്രവർത്തനത്തിലൂടെ കമ്മീഷന് സാധിച്ചിട്ടുണ്ട്.

ഇത്തരം ചർച്ചകളിലൂടെയും സംവാദങ്ങളിലൂടെയും ഉരുത്തിരിഞ്ഞ ആശയങ്ങളും നിർദേശങ്ങളും കമ്മീഷൻ ക്രോഡീകരിച്ച് ന്യൂനപക്ഷങ്ങളുടെ പുരോഗതി ഉറപ്പുവരുത്തി മുൻഗണനാക്രമം നിശ്ചയിച്ച് പരിഗണിക്കുന്നതിനായി സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. ഇപ്രകാരം നൽകിയിട്ടുള്ള റിപ്പോർട്ടുകളിൽ സർക്കാർ സ്വീകരിക്കുന്ന നടപടികൾ

കമ്മീഷൻ സാകൂതം വീക്ഷിച്ചു വരുന്നു. കമ്മീഷൻ 14 ജില്ലകളിലായി നടത്തിയ ജില്ലാതല യോഗങ്ങളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തീയതി | ജില്ല | പങ്കെടുത്തവർ |
|---|---|---|---|
| 1 | 01.07.2015 | തിരുവനന്തപുരം | 63 |
| 2 | 4.02.2016 | കൊല്ലം | 98 |
| 3 | 20.10.2015 | പത്തനംതിട്ട | 103 |
| 4 | 20.02.2016 | ആലപ്പുഴ | 118 |
| 5 | 14.07.2015 | ഇടുക്കി | 55 |
| 6 | 10.03.2016 | കോട്ടയം | 118 |
| 7 | 10.9.2015 | എറണാകുളം | 103 |
| 8 | 30.6.2015 | തൃശൂർ | 87 |
| 9 | 16.12.2015 | പാലക്കാട് | 61 |
| 10 | 25.7.2015 | മലപ്പുറം | 187 |
| 11 | 21.5.2015 | കോഴിക്കോട് | 165 |
| 12 | 19.1.2016 | വയനാട് | 59 |

| | | | |
|---|---|---|---|
| 13 | 27.11.2015 | കണ്ണൂർ | 103 |
| 14 | 21.08.2015 | കാസർഗോഡ് | 91 |

## അദ്ധ്യായം 5

# കമ്മീഷന്റെ ക്യാമ്പ് സിറ്റിംഗുകൾ

കേരളത്തിലെ ന്യൂനപക്ഷങ്ങൾക്ക് സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവും ഭാഷാപരവുമായ അവകാശങ്ങളും സംരക്ഷണ വ്യവസ്ഥകളും നഷ്ടപ്പെടുന്നതിനെക്കുറിച്ച് ജനങ്ങൾ നൽകിയ പരാതികൾ പരിശോധിച്ച് തീർപ്പ് കൽപ്പിക്കാനായി റിപ്പോർട്ട് കാലയളവിൽ സംസ്ഥാനത്തെ 14 ജില്ലകളിലായി 100 ക്യാമ്പ് സിറ്റിംഗുകൾ സംഘടിപ്പിച്ചിട്ടുണ്ട്. അവയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തീയതി | ജില്ല | പരിഗണിച്ച പരാതികൾ |
|---|---|---|---|
| 1 | 07.04.2015 | തിരുവനന്തപുരം | 6 |
| 2 | 17.04.2015 | കണ്ണൂർ | 5 |
| 3 | 21.04.2015 | തിരുവനന്തപുരം | 9 |
| 4 | 22.04.2015 | തിരുവനന്തപുരം | 8 |
| 5 | 23.04.2015 | എറണാകുളം | 7 |
| 6 | 27.04.2015 | കോഴിക്കോട് | 11 |
| 7 | 28.04.2015 | മലപ്പുറം | 13 |
| 8 | 5.05.2015 | തിരുവനന്തപുരം | 6 |
| 9 | 6.05.2015 | തിരുവനന്തപുരം | 7 |
| 10 | 7.05.2015 | കോട്ടയം | 12 |
| 11 | 12.05.2015 | തൃശൂർ | 9 |
| 12 | 13.05.2015 | മലപ്പുറം | 14 |
| 13 | 20.05.2015 | കോഴിക്കോട് | |
| 14 | 28.05.2015 | തിരുവനന്തപുരം | 11 |
| 15 | 29.05.2015 | തിരുവനന്തപുരം | 9 |
| 16 | 1.06.2015 | തിരുവനന്തപുരം | 8 |
| 17 | 2.06.2015 | തിരുവനന്തപുരം | 4 |
| 18 | 3.06.2015 | കോട്ടയം | 11 |

| | | | |
|---|---|---|---|
| 19 | 4.06.2015 | എറണാകുളം | 12 |
| 20 | 10.06.2015 | മലപ്പുറം | 18 |
| 21 | 12.06.2015 | തൃശൂർ | 13 |
| 22 | 16.06.2015 | കാസർഗോഡ് | 14 |
| 23 | 17.06.2015 | കോഴിക്കോട് | 11 |
| 24 | 23.06.2015 | തിരുവനന്തപുരം | 10 |
| 25 | 24.06.2015 | തിരുവനന്തപുരം | 11 |
| 26 | 25.06.2015 | തിരുവനന്തപുരം | 8 |
| 27 | 2.07.2015 | തിരുവനന്തപുരം | 9 |
| 28 | 6.07.2015 | തിരുവനന്തപുരം | 12 |
| 29 | 28.07.2015 | തിരുവനന്തപുരം | 10 |
| 30 | 29.07.2015 | തിരുവനന്തപുരം | 13 |
| 31 | 30.07.2015 | എറണാകുളം | 15 |
| 32 | 4.08.2015 | തിരുവനന്തപുരം | 9 |
| 33 | 5.08.2015 | തിരുവനന്തപുരം | 10 |
| 34 | 6.08.2015 | കോട്ടയം | 13 |
| 35 | 10.08.2015 | തൃശൂർ | 13 |
| 36 | 11.08.2015 | കോഴിക്കോട് | 12 |
| 37 | 12.08.2015 | കണ്ണൂർ | 14 |
| 38 | 17.08.2015 | എറണാകുളം | 13 |
| 39 | 18.08.2015 | മലപ്പുറം | 18 |
| 40 | 4.09.2015 | തിരുവനന്തപുരം | 9 |
| 41 | 9.09.2015 | ഇടുക്കി | 19 |
| 42 | 10.09.2015 | എറണാകുളം | 9 |
| 43 | 15.09.2015 | കോഴിക്കോട് | 13 |
| 44 | 16.09.2015 | മലപ്പുറം | 15 |
| 45 | 22.09.2015 | തിരുവനന്തപുരം | 11 |
| 46 | 28.09.2015 | തിരുവനന്തപുരം | 11 |
| 47 | 29.09.2015 | തിരുവനന്തപുരം | 9 |
| 48 | 30.09.2015 | തിരുവനന്തപുരം | 8 |
| 49 | 1.10.2015 | തിരുവനന്തപുരം | 13 |
| 50 | 5.10.2015 | തിരുവനന്തപുരം | 14 |
| 51 | 6.10.2015 | തിരുവനന്തപുരം | 9 |
| 52 | 8.10.2015 | കോട്ടയം | 12 |
| 53 | 13.10.2015 | കാസർഗോഡ് | 17 |
| 54 | 14.10.2015 | മലപ്പുറം | 18 |
| 55 | 15.10.2015 | കോഴിക്കോട് | 15 |
| 56 | 16.10.2015 | തൃശൂർ | 11 |
| 57 | 27.10.2015 | തിരുവനന്തപുരം | 9 |
| 58 | 28.10.2015 | തിരുവനന്തപുരം | 10 |
| 59 | 29.10.2015 | തിരുവനന്തപുരം | 7 |
| 60 | 3.11.2015 | തിരുവനന്തപുരം | 10 |
| 61 | 4.11.2015 | തിരുവനന്തപുരം | 8 |

| | | | | |
|---|---|---|---|---|
| 62 | 11.11.2015 | തൃശ്ശൂർ | 10 | |
| 63 | 12.11.2015 | എറണാകുളം | 18 | |
| 64 | 18.11.2015 | കണ്ണൂർ | 13 | |
| 65 | 19.11.2015 | മലപ്പുറം | 15 | |
| 66 | 30.11.2015 | തിരുവനന്തപുരം | 10 | |
| 67 | 1.12.2015 | തിരുവനന്തപുരം | 10 | |
| 68 | 2.12.2015 | തിരുവനന്തപുരം | 8 | |
| 69 | 3.12.2015 | കോട്ടയം | 15 | |
| 70 | 8.12.2015 | തൃശ്ശൂർ | 14 | |
| 71 | 14.12.2015 | ഇടുക്കി | 12 | |
| 72 | 21.12.2015 | കാസർഗോഡ് | 16 | |
| 73 | 28.12.2015 | എറണാകുളം | 17 | |
| 74 | 29.12.2015 | തിരുവനന്തപുരം | 11 | |
| 75 | 30.12.2015 | തിരുവനന്തപുരം | 13 | |
| 76 | 4.01.2016 | കോട്ടയം | 15 | |
| 77 | 6.01.2016 | തിരുവനന്തപുരം | 10 | |
| 78 | 14.01.2016 | മലപ്പുറം | 18 | |
| 79 | 18.01.2016 | വയനാട് | 11 | |
| 80 | 23.01.2016 | തിരുവനന്തപുരം | 10 | |
| 81 | 28.01.2016 | എറണാകുളം | 15 | |
| 82 | 30.01.2016 | തൃശ്ശൂർ | 13 | |
| 83 | 2.02.2016 | കണ്ണൂർ | 14 | |
| 84 | 4.02.2016 | തിരുവനന്തപുരം | 18 | |
| 85 | 8.02.2016 | കോട്ടയം | 15 | |
| 86 | 10.02.2016 | തിരുവനന്തപുരം | 13 | |
| 87 | 11.02.2016 | തിരുവനന്തപുരം | 15 | |
| 88 | 16.02.2016 | ഇടുക്കി | 15 | |
| 89 | 18.02.2016 | മലപ്പുറം | 18 | |
| 90 | 25.02.2016 | എറണാകുളം | 14 | |
| 91 | 29.02.2016 | തൃശ്ശൂർ | 19 | |
| 92 | 2.03.2016 | തിരുവനന്തപുരം | 10 | |
| 93 | 3.03.2016 | തിരുവനന്തപുരം | 13 | |
| 94 | 15.03.2016 | കോട്ടയം | 20 | |
| 95 | 17.03.2016 | മലപ്പുറം | 19 | |
| 96 | 18.03.2016 | കോഴിക്കോട് | 21 | |
| 97 | 22.03.2016 | തിരുവനന്തപുരം | 14 | |

| | | | |
|---|---|---|---|
| 98 | 23.03.2016 | തിരുവനന്തപുരം | 11 |
| 99 | 28.03.2016 | എറണാകുളം | 21 |
| 100 | 30.03.2016 | കണ്ണൂർ | 22 |

## അദ്ധ്യായം 6

# ആഘോഷങ്ങൾ

## ന്യൂനപക്ഷ ദിനാചരണം

1992 ഡിസംബർ 18ലെ ഐക്യരാഷ്ട്ര സഭയുടെ ന്യൂനപക്ഷാവകാശങ്ങളെക്കുറിച്ചുള്ള പ്രഖ്യാപനം ആഗോളതലത്തിൽ ശ്രദ്ധേയമാണ്. അതിനെതുടർന്ന് എല്ലാ വർഷവും അന്നേദിവസം ദേശീയ ന്യൂനപക്ഷ ദിനമായി ആചരിച്ചുവരുന്നു. കേരളത്തിൽ സർക്കാർ തലത്തിൽ ന്യൂനപക്ഷദിനാചരണം സംഘടിപ്പിച്ചത് സംസ്ഥാന ന്യൂനപക്ഷ കമ്മീഷനാണ്. 2015 ഡിസംബർ 18ാം തീയതി തിരുവനന്തപുരത്ത് വച്ച് വിപുലമായ പരിപാടികളോടെ ന്യൂനപക്ഷ ദിനാചരണം കൊണ്ടാടി. ബഹു. മുഖ്യമന്ത്രി, ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി തുടങ്ങിയ പ്രമുഖർ അടക്കം സമൂഹത്തിന്റെ നാനാതുറയിൽ നിന്നും നിരവധി വ്യക്തികൾ പങ്കെടുത്ത വിപുലമായ സമ്മേളനമായിരുന്നു ഇത്.

ന്യൂനപക്ഷങ്ങളെ അവരുടെ അവകാശങ്ങളെക്കുറിച്ചും കടമകളെക്കുറിച്ചും ബോധവൽക്കരണം നടത്തുകയും അവരെ ശാക്തീകരിക്കുന്നതിന് വേണ്ടി സർക്കാർ ആവിഷ്കരിച്ചിട്ടുള്ള വിവിധ പദ്ധതികൾ ന്യൂനപക്ഷ വിഭാഗങ്ങളിൽ എത്തിക്കുന്നതിനും ഈ പരിപാടി കൊണ്ട് വളരെ സഹായകമായി. മാത്രമല്ല. *"ന്യൂനപക്ഷ പ്രീണനം സത്യമോ മിഥ്യയോ"* എന്ന കാലിക പ്രസക്തമായ വിഷയത്തെ സംബന്ധിച്ച് ഒരു സെമിനാറും ന്യൂനപക്ഷ ദിനാചരണത്തിന്റെ ഭാഗമായി നടന്നു. പ്രശസ്ത വാഗ്മിയും നിയമജ്ഞനുമായ ശ്രീ സെബാസ്റ്റ്യൻപോൾ(മുൻ പാർലമെന്റ് അംഗം) സെമിനാറിൽ പ്രബന്ധം അവതരിപ്പിച്ചു.ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടർ ഡോ. പി നസീർ അടക്കമുള്ള പ്രമുഖ

വ്യക്തികൾ സെമിനാറിൽ പങ്കെടുത്തു. വളരെ പ്രൗഢഗംഭീരവും പ്രോജ്വലവുമായ രീതിയിൽ ദേശീയ ന്യൂനപക്ഷദിനാചരണം സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ കൊണ്ടാടി.

ചുവടെ പ്രതിപാദിക്കുന്ന വിശേഷ ദിവസങ്ങൾ വ്യത്യസ്ത പരിപാടികളോടെ കമ്മീഷൻ റിപ്പോർട്ട് കാലയളവിൽ ആചരിച്ചിട്ടുണ്ട്.

**പട്ടിക 6**

| | | |
|---|---|---|
| 1 | ഭീകര വിരുദ്ധ ദിനം | 21.5.2015 |
| 2 | കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ വാർഷികം | 10.6.2015 |
| 3 | സ്വാതന്ത്ര്യദിനം | 15.8.2015 |
| 4 | അഴിമതി വിരുദ്ധ വാരാചരണം | |
| 5 | മനുഷ്യാവകാശ ദിനം | 10.12.2015 |
| 6 | ന്യൂനപക്ഷ ദിനം | 18.12.2015 |

| | | |
|---|---|---|
| 7 | റിപ്പബ്ലിക് ദിനം | 26.1.2016 |
| 8 | രക്തസാക്ഷിദിനം | 30.1.2016 |

## അദ്ധ്യായം 7

# കമ്മീഷന്റെ വരവ് ചെലവ് കണക്കുകൾ

സർക്കാരിൽനിന്നും ബഡ്ജറ്റ് വിഹിതത്തിലുൾപ്പെടുത്തി ലഭിക്കുന്ന സഹായധനം ഉപയോഗിച്ചാണ് കമ്മീഷൻ പ്രവർത്തിക്കുന്നത്.2015-16 സാമ്പത്തിക വർഷത്തിൽ 1,41,00,000- രൂപ സഹായധനമായി സർക്കാരിൽനിന്ന് ലഭിക്കുകയുണ്ടായി. പ്രസ്തുത സാമ്പത്തിക വർഷം 1,12,10,443 രൂപ ചെലവായിട്ടുണ്ട്. റിപ്പോർട്ട് വർഷം(2015-16) ന്യൂനപക്ഷ കമ്മീഷന് ലഭിച്ച സാമ്പത്തിക സഹായത്തിന്റെ ഇനംതിരിച്ചുള്ള കണക്കുകൾ താഴെ ചേർക്കുന്നു:

| ശീർഷകം | ബജറ്റിൽ വകയിരുത്തിയ തുക | സർക്കാർ അനുവദിച്ച തുക |
|---|---|---|
| 2225-04-102-91-31 ധനസഹായം-ജനറൽ-ശമ്പളം | 1,19,00,000 | 1,19,00,000 |
| 2225-04-102-91-36-ധനസഹായം-ജനറൽ-ശമ്പളേതരം | 22,00,000 | 22,00,000 |

| ശീർഷകം | ലഭിച്ച തുക | ചെലവായ തുക | റിമാർക്കസ് |
|---|---|---|---|
| 2225-04-102-91-31 ധനസഹായം-ജനറൽ-ശമ്പളം | 1,19,00,000 | 99,84,659 | 2015-16 സാമ്പത്തിക വർഷം വിനിയോഗിച്ചതിൽ അവശേഷിച്ച തുക 2016-17 സാമ്പത്തിക വർഷത്തിൽ വിനിയോഗിച്ചു വരുന്നു |

| | | |
|---|---|---|
| 2225-04-102-91-36- ധനസഹായം-ജനറൽ- ശമ്പളേതരം | 22,00,000 | 12,25,784 |

## 7.1. വിവരാവകാശനിയമം 2005 പ്രകാരമുള്ള നടപടികൾ

വിവരാവകാശ നിയമപ്രകാരം ലഭിക്കുന്ന അപേക്ഷകളിൽ പ്രസ്തുത നിയമം അനുശാസിക്കുന്ന പ്രകാരം യഥാവിധി നടപടി സ്വീകരിക്കുന്നുണ്ട്. റിപ്പോർട്ട് വർഷത്തിൽ വിവരാവകാശ നിയമപ്രകാരം 20 അപേക്ഷകളും ഒരു അപ്പീൽ അപേക്ഷയും കമ്മീഷനിൽ ലഭിക്കുകയും യഥാവിധി തീർപ്പ് കൽപ്പിക്കുകയും ചെയ്തിട്ടുണ്ട്.

റിപ്പോർട്ട് കാലയളവിൽ ചുവടെ പരാമർശിക്കുന്ന ഉദ്യോഗസ്ഥരെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്.

| | | |
|---|---|---|
| 1. | അസിസ്റ്റന്റ് സ്റ്റേറ്റ്പബ്ളിക് ഇൻഫർമേഷൻ ഓഫീസർ | ശ്രീറോബർട്ട് ഫ്രാൻസിസ് (സെക്ഷൻ ഓഫീസർ) |
| 2. | സ്റ്റേറ്റ്പബ്ളിക് ഇൻഫർമേഷൻ ഓഫീസർ | ശ്രീമതി സബീഹ പി.എം. (ഫിനാൻസ് ഓഫീസർ) |
| 3. | അപ്പീൽ അധികാരി | ശ്രീ കെ.ബി. പ്രേമചന്ദ്രൻ (രജിസ്ട്രാർ) |

### അദ്ധ്യായം 8

# കമ്മീഷൻ കേരള സർക്കാരിന് സമർപ്പിച്ചിട്ടുള്ള ശുപാർശകൾ/റിപ്പോർട്ടുകൾ

## 9.1. കേരളത്തിലെ ക്രൈസ്തവരിലെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള ശുപാർശ

കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ നിലവിൽ വന്ന 2013 ജൂൺ 9 മുതൽ നാളിതുവരെ കേരളത്തിലെ ന്യൂനപക്ഷ വിഭാഗങ്ങളിൽ പെട്ടവരുടെ സാമ്പത്തികം, സാമൂഹ്യം, സാംസ്കാരികം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലെ പ്രശ്നങ്ങൾ പഠിക്കാൻ ശ്രമം നടത്തിയിട്ടുള്ളതും അതു തുടർന്നുവരുന്നതുമാകുന്നു. ക്രൈസ്ത വരായ ന്യൂനപക്ഷ ദുർബല വിഭാഗങ്ങളിൽപെട്ട പിന്നോക്കക്കാരും ബി.പി.എൽ അതിൽ താഴെയുള്ളവരുടെ പ്രശ്നങ്ങൾ പഠിക്കാൻ സംസ്ഥാനം മുഴുവൻ സഞ്ചരിച്ച് അവശതകൾ മനസ്സിലാക്കി ഇവരെ ദേശീയ മുഖ്യധാരായിലേക്കു കൊണ്ടുവരുന്നതി നുള്ള മാർഗങ്ങൾ മനസ്സിലാക്കി ഒരു താൽക്കാലിക പരിഹാരം എന്ന നിലക്ക് സർക്കാർ അടിയന്തിരമായി പരിഗണിക്കേണ്ട കാര്യങ്ങൾ അക്കമിട്ടു ശുപാർശയായി സമർപ്പിക്കുന്നു. ന്യൂനപക്ഷ കമ്മീഷൻ ക്രൈസ്തവ പിന്നോക്കാവസ്ഥയെ പറ്റി അതിവിശദമായി പഠിച്ചു റിപ്പോർട്ട് നൽകുന്നതിനുമുമ്പുതന്നെ ശുപാർശകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പരിഗണിക്കണമെന്ന് സാദരം അഭ്യർഥിക്കുന്നു.

1. പരിവർത്തിത ക്രൈസ്തവ കോർപറേഷൻ പലിശരഹിത വായ്പയും സബ്സിഡിയുമായി 100 കോടി അനുവദിക്കുക.

2. കേരളത്തിലെ പട്ടികജാതിക്കാർക്കുള്ള എല്ലാ സാമ്പത്തിക ആനുകൂല്യങ്ങളും പട്ടികജാതിയിൽനിന്നും മതപരിവർത്തനം നടത്തിയ ദലിത് ക്രൈസ്തവർക്കും പരമ്പരാഗത മത്സ്യതൊഴിലാളികൾക്കും നൽകുക.

3. പ്രീമെട്രിക്-മെട്രിക് സ്കോളർഷിപ്പുകളുടെ ഇപ്പോഴത്തെ തുകയും എണ്ണവും ഇരട്ടിയാക്കുക.

4. ന്യൂനപക്ഷ പിന്നോക്ക വിഭാഗങ്ങളിൽ പെട്ട ഭൂരഹിതരെ തെരഞ്ഞുപിടിച്ച് അവർക്ക് അതത് ജില്ലയിൽതന്നെ ഭൂമി നൽകുക. ഗ്രാമത്തിൽ 10 സെന്റിൽ താഴെയും സിറ്റിയിൽ 5 സെന്റിന് താഴെയും ഭൂമിയുള്ള പാവപ്പെട്ടവർക്ക് ഭവനനിർമാണത്തിന് 5 ലക്ഷം രൂപ വരെ സബ്സിഡി നൽകുക.

5. ഉന്നത വിദ്യാഭ്യാസത്തിന് ക്രീമിലെയറിൽപെടാത്ത ന്യൂനപക്ഷ വിഭാഗങ്ങൾക്ക് വിദ്യാഭ്യാസ വായ്പ 50 ശതമാനം സബ്സിഡി നിരക്കിൽ അനുവദിക്കുക.

6. പ്രൊഫഷണൽ കോഴ്സുകളിലും ടെക്നിക്കൽ കോഴ്സുകളിലും 50 ശതമാനം ഫീസിളവ് അനുവദിക്കുക.

7. 50 ശതമാനം മാർക്ക് സ്കോളർഷിപ്പിന് എന്നത് മാറ്റി 40 ശതമാനം എന്നാക്കുക.

8. ന്യൂനപക്ഷങ്ങൾക്കുള്ള ട്രെയിനിങ്ങ് സെന്ററുകൾ ആവശ്യാനുസരണം അനുവദിക്കുക. ക്രൈസ്തവ ന്യൂനപക്ഷങ്ങൾക്ക് പ്രത്യേകം സെന്ററുകൾ ആരംഭിക്കുക. പ്രത്യേകം ട്യൂഷൻ സെന്ററുകൾ ഏർപ്പെടുത്തുക.

9. പാവപ്പെട്ടവർക്ക് സൗജന്യ വൈദ്യുതി നൽകുക.(ബി.പി.എൽ)

10. സമഗ്ര ഇൻഷുറൻസ് പദ്ധതി ഏർപ്പെടുത്തുക

11. 5 ലക്ഷം രൂപ വരെ സൗജന്യ ചികിത്സാ സൗകര്യം ഏർപ്പെടുത്തുക.

12. സർക്കാർ കൈവശമുള്ള മിച്ച ഭൂമി വിവിധയിനം കൃഷികൾക്കായി നൽകുക.

13. തരിശായി കിടക്കുന്ന പാടശേഖരങ്ങളെ കൃഷിക്കായി ഏൽപിക്കുക.

14. ഇംഗ്ലീഷ്, ഹിന്ദി ഭാഷ പഠന പരിശീലന സൗജന്യ ക്ലാസ് ആരംഭിക്കുക.

15. ന്യൂനപക്ഷ വിദ്യാർഥികൾക്ക് ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്ന സ്റ്റൈപ്പന്റ് തുക ഇരട്ടിയാക്കുക.

16. മത്സ്യബന്ധനത്തിനുള്ള ഔട്ട് ബോർഡ് എഞ്ചിനുകൾ പകുതി സബ്സിഡിയായും ബാക്കി ലോണായും നൽകുക. കർഷകത്തൊഴിലാളി, മത്സ്യമേഖലകളിൽ കല്ലുവെട്ട് യന്ത്രം, മരുന്ന് തളിയന്ത്രം , വള്ളം, വല, വഞ്ചി എന്നിവ സൗജന്യമായി നൽകുക.

17. സർക്കാർ, സ്വകാര്യ, ആശുപത്രികളിൽ ചികിത്സ, ഓപ്പറേഷൻ എന്നിവ സൗജന്യമാക്കുക. ഗർഭിണികൾക്കും മുലയൂട്ടുന്നവർക്കും സൗജന്യ ചികിത്സ, പോഷകാഹാര പദ്ധതി , പരിചരണം എന്നിവ ഏർപ്പെടുത്തുക.

18. മെഡിക്കൽ കോളജ്, എഞ്ചിനിയറിങ് കോളജ് എന്നീ പ്രഫഷണൽ കോളജുകളിൽ സൗജന്യ ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തുക.

19. വിദേശത്ത് പോയി പഠിക്കാനാഗ്രഹിക്കുന്നവർക്ക് സർക്കാർ പകുതി ചെലവ് വഹിക്കുക.

20. പിന്നോക്ക ന്യൂനപക്ഷങ്ങൾക്ക് പ്രവേശനത്തിലും ഉദ്യോഗത്തിലും മാർക്കിലും പ്രായത്തിലും ഇളവനുവദിക്കുക.

21. സർക്കാർ-അർധസർക്കാർ സ്ഥാപനങ്ങളിൽ സെക്യൂരിറ്റി സർവ്വീസ്, ചില്ലറ കോൺട്രാക്ടുകൾ എന്നിവ ബി.പി.എൽ കുടുംബങ്ങൾക്ക് ഏൽപിച്ചുകൊടുക്കുക.

22. വീട്ടമ്മമാർക്ക് ആട്, കോഴി, താറാവ്, പശു സൗജന്യമായി നൽകുക.

23. നാഷണൽ ഹൈവേ, പിഡബ്ല്യുഡി, പുറമ്പോക്കുകളിൽ മരം വെച്ചുപിടിപ്പിക്കൽ ജോലി ന്യൂനപക്ഷ എൻ.ജി.ഒകളെ ഏൽപിക്കുക.

24. മൂന്നിൽ കൂടുതൽ കുട്ടികളുള്ളവർക്ക് പ്രത്യേക ക്ഷേമപദ്ധതികൾ നടപ്പിലാക്കുക.

25. സർക്കാർ-അർധസർക്കാർ -സ്വകാര്യ സ്ഥാപനങ്ങളിൽ താൽക്കാലിക ജീവനക്കാരെ വെക്കുമ്പോൾ 50 ശതമാനം ന്യൂനപക്ഷ വിഭാഗത്തിന് നൽകുക.

26. സച്ചാർ കമ്മീഷൻ റിപ്പോർട്ടിൽ മുസ്ലിംകൾക്ക് കൊടുത്തിട്ടുള്ള ആനുകൂല്യങ്ങൾക്കൊപ്പം ജനസംഖ്യാനുപാതികമായി ക്രൈസ്തവ പിന്നോക്കക്കാർക്കും സാമ്പത്തിക സഹായം ലഭിക്കാനുള്ള നടപടികൾ ആരംഭിക്കുക.

27. പിന്നാക്കാവസ്ഥയിൽ കഴിയുന്നവർക്ക് വീട് വെള്ളം, വൈദ്യുതി, വിദ്യാഭ്യാസ, ഭക്ഷണം ഉറപ്പുവരുത്തുക.

28. ഈ വിഭാഗത്തിൽപെടുന്ന പാവപ്പെട്ട കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹ ചെലവ് നടത്താൻ പ്രത്യേക വിവാഹ സഹായനിധി ആവിഷ്കരിക്കുക.

29. സൺഡേ സ്കൂൾ, ക്രൈസ്തവ മതപഠന സ്കൂളുകൾ, സെമിനാരികൾ ബൈബിൾ സ്കൂൾ, ബൈബിൾ കോളജ് തുടങ്ങിയ സ്ഥാപനങ്ങളെ സർക്കാർ അംഗീകരിക്കുക. മതാധ്യാപകർക്ക് സാമ്പത്തിക സഹായം നൽകുക, പെൻഷൻ അനുവദിക്കുക.

30. സുറിയാനി, ജർമൻ, ഫ്രഞ്ച് മുതലായ ഭാഷകൾക്ക് പഠന കേന്ദ്രങ്ങൾ ആരംഭിക്കുക.

31. മത്സ്യതൊഴിലാളി മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുക.

32. പ്രത്യേക ഭവന പദ്ധതികൾ ആരംഭിക്കുക.

33. മത്സ്യ വിപണനത്തിൽ ഏർപ്പെടുന്ന ന്യൂനപക്ഷ വനിതകൾക്ക് മത്സ്യം വഹിക്കുന്നതിന് ശീതീകരിച്ച പെട്ടി സഹിതമുള്ള സൈക്കിൾ സൗജന്യമായി അനുവദിക്കുക. മത്സ്യമാർക്കറ്റുകൾ ആധുനികവൽക്കരിക്കുക, വസ്ത്രം മാറാനും ശുചിയാവാനും വിശ്രമത്തിനും സ്ഥലമൊരുക്കുക.

34. തീരദേശ നിയമം മീനകുമാരി റിപ്പോർട്ട് സമുദ്ര നിയമങ്ങൾ എല്ലാം ക്രോഡീകരിച്ച് ഏകീകൃത മറൈൻ കോഡ് നിർമിക്കുക.

35. ക്രൈസ്തവ പുരോഹിതന്മർക്ക് വാർധക്യ പെൻഷനും ചികിത്സാ സൗകര്യങ്ങളും അനുവദിക്കുക.

36. ക്രൈസ്തവ സന്യാസിനി മഠങ്ങളുടെ രാത്രികാല സുരക്ഷിതത്വം ഏർപ്പെടുത്തുക.

37. ബി.പി.എൽ ആക്കുന്നതിനുള്ള വരുമാന പരിധി ഉയർത്തുക

38. ന്യൂനപക്ഷക്രൈസ്തവ കുടുംബങ്ങളിൽ ബി.പി.എൽ വിഭാഗത്തിന് ഒരാൾക്ക് തൊഴിൽ നൽകുക.

39. ഒരു വീട്ടിൽ ഒരു ബിരുദം എന്നത് സർക്കാർ നയമാക്കുക.

40. ന്യൂനപക്ഷ ബി.പി.എല്ലുകാർക്ക് ഫീസ്, ഹോസ്റ്റൽ ഫീസ്, യൂണിഫോം, പുസ്തകങ്ങൾ, പഠനോപകരണങ്ങൾ, സൈക്കിൾ, ഉച്ച ഭക്ഷണം എന്നിവ സൗജന്യമാക്കുക.

41. ന്യൂനപക്ഷ വിഭാഗത്തിൽപെട്ട തൊഴിലാളികൾക്ക് വാർധക്യകാല പെൻഷൻ ഇരട്ടിയാക്കുക.

42. പട്ടികജാതി പട്ടികവർഗക്കാർക്കുള്ള ആനുകൂല്യങ്ങൾ ന്യൂനപക്ഷ ക്രൈസ്തവരായ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കും നൽകണം.

43. ട്രെയിനിങ് സബ് സെന്ററുകൾ ക്രൈസ്തവർക്ക് പ്രത്യേകമായി അനുവദിക്കണം. നിലവിലുള്ള നിയമത്തിന്റെ എല്ലാ ആനുകൂല്യങ്ങൾക്കും 80-20എന്ന ആനുപാതം മാറ്റി 60-40 എന്ന ജനസംഖ്യാനുപാതം നടപ്പിലാക്കുക.

44. സൈനിക പരിശീലനത്തിന് തെരഞ്ഞെടുക്കുന്നതിനുള്ള അവസരവും സാമ്പത്തിക സഹായവും ക്രൈസ്തവർക്ക് ഉറപ്പുവരുത്തുക.

45. പരിശീലന കേന്ദ്രങ്ങളുടെ ബോർഡുകൾ മുസ്ലിം എന്നുള്ളതു മാറ്റി എല്ലാ ന്യൂനപക്ഷങ്ങൾക്കും എന്നാക്കുക.

46. ഭൂരഹിതരായ ന്യൂനപക്ഷ ക്രൈസ്തവ മത്സ്യത്തൊഴിലാളികൽക്കു ഭൂമി, പാർപ്പിടം സൗജന്യനിരക്കിൽ കിട്ടാൻ നടപടികൾ സ്വീകരിക്കണം.

47. മത്സ്യബന്ധനത്തിനുള്ള ഔട്ട് ബോർഡ് എൻജിനുകൾ പകുതി സബ്സിഡിയായും ബാക്കി ലോണായും നൽകുക.

48. അനാഥ ക്രൈസ്തവ കുട്ടികളുടെ സംരക്ഷണത്തിനു പ്രത്യേക സ്ഥാപനങ്ങൾ അനുവദിക്കുക.

49. കടലിൽ മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങളുടെ സംരക്ഷണത്തിനു പ്രത്യേക പദ്ധതി നടപ്പിലാക്കുക.

## 9.2. കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ കേരള സർക്കാർ സമക്ഷം സമർപ്പിക്കുന്ന ശുപാർശകൾ

**1. കേരള സംസ്ഥാന ക്രിസ്ത്യൻ ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷൻ അനുവദിക്കണം**

കേരള സംസ്ഥാനത്തുള്ള ക്രൈസ്തവ മതന്യൂനപക്ഷങ്ങളിൽ പെട്ട സാമ്പത്തിക -സാമൂഹ്യ പിന്നോക്കാവസ്ഥ അനുഭവിക്കുന്ന ജനങ്ങൾക്ക് പ്രത്യേകമായ പരിഗണനയും സുരക്ഷിതത്വവും ഉറപ്പാക്കുന്നതിനും ഈ വിഭാഗത്തിൽ പെടുന്നവരെ ദേശീയ മുഖ്യധാരയിലേക്കു കൈപിടിച്ചുയർത്തുന്നതിനും ആന്ധ്രയിൽ (തെലുങ്കാന)ലെപ്പോലെ കേരളത്തിലും കേരള സംസ്ഥാന ക്രിസ്ത്യൻ ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷൻ രൂപീകരിക്കണമെന്നു കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ സർക്കാരിനോടു ശുപാർശ ചെയ്യുന്നു.

**2. ആരാധനാലയങ്ങൾക്കും സെമിത്തേരി/ഖബർസ്ഥാൻ നിർമാണത്തിനും അനുവാദം കളക്ടറിൽനിന്നും എടുത്തുമാറ്റണം**

ഇന്ത്യൻ ഭരണഘടന ഏതൊരാൾക്കും ഇഷ്ടമുള്ള മതം സ്വീകരിക്കാനും പ്രചരിപ്പിക്കാനും മതാനുഷ്ഠാനങ്ങൾ നടത്താനും അനുവാദം നൽകുന്നുണ്ട്. ആരാധനാലയങ്ങളും, വിശ്വാസികൾ മരിച്ചാൽ മതാചാരപ്രകാരം ശവം മറവു ചെയ്യുന്നതിനുള്ള സെമിത്തേരികൾ, ഖബർസ്ഥാനുകൾ എന്നിവ സ്ഥാപിക്കുന്നതിനും അവകാശമുണ്ട്. ക്രൈസ്തവ ദേവാലയങ്ങളോടു ചേർന്നും മുസ്ലിം

പള്ളികളോടനുബന്ധിച്ചും ആണ് ഇത്തരം കേന്ദ്രങ്ങൾ ആരംഭിക്കുന്നതും ശവസംസ്കാരം നടത്തപ്പെടുന്നതും. ആരാധനാലയങ്ങളും ശവസംസ്കാര കേന്ദ്രങ്ങളും എവിടെ എപ്രകാരം ആരംഭിക്കണമെന്നും നടത്തിക്കണമന്നും അതതു മതവിശ്വാസികളാണ് തീരുമാനിക്കേണ്ടതെന്ന അനിഷേധ്യമായ വസ്തുതക്കു നിരക്കാത്ത രീതിയിൽ സ്ഥാപനങ്ങൾക്കു അനുവാദം നിഷേധിക്കുന്ന പ്രവണത ഇന്നു നിലനൽക്കുന്നുണ്ട്. മതേതരത്വത്തിനും ആരാധനാ സ്വാതന്ത്ര്യത്തിനുമുള്ള വെല്ലുവിളിയായി ഭരണഘടനാ ലംഘനം നടത്തുന്ന രീതിയിൽ അകാരണമായും അന്യായമായും നിയമവിരുദ്ധമായും അനുവാദനിഷേധം നടത്തുന്നത് ശരിയല്ലാത്തതും രാജ്യത്തെ നിലവിലുള്ള നിയമങ്ങൾ നടപ്പാക്കേണ്ട അധികാര സ്ഥാപനങ്ങളായ ജില്ലാ ഭരണകൂടം പോലെയുള്ള സ്ഥാപനങ്ങളെ വർഗീയ കലാപം, ക്രമസമാധാന ലംഘനം എന്നിവയുടെ പേരിൽ ഉത്തരവാദിത്വ നിർവഹണത്തിൽനിന്നും അകറ്റിനിർത്തുന്ന കേരള പഞ്ചായത്ത്, മുൻസിപ്പാലിറ്റി കെട്ടിട നിർമാണ ചട്ടങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വകുപ്പുകൾ എടുത്തുകളഞ്ഞു ആരാധനാലയങ്ങൾക്കും ശവ സംസ്കാര കേന്ദ്രത്തിനും കളക്ടറുടെ മുൻകൂർ അനുവാദം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുമാത്രമായി ഈ അവകാശം പുനഃസ്ഥാപിച്ചുകൊടുക്കാനും കേരള പഞ്ചായത്ത് കെട്ടിട നിർമാണ ചട്ടം 7(8) മുൻസിപ്പൽ ബിൽഡിംഗ് റൂൾ 7(6) ബിയും എടുത്തുകളയേണ്ടതാണെന്നു ന്യൂനപക്ഷ കമ്മീഷൻ സർക്കാരിനോടു ശുപാർശ ചെയ്യുന്നു.

**3. ക്രൈസ്തവ മതപഠന കേന്ദ്രങ്ങളെ സർക്കാർ അംഗീകരിക്കുക**

ക്രൈസ്തവ സമൂഹങ്ങൾ നടത്തുന്ന സൺഡേ സ്കൂളുകൾ , ക്രൈസ്തവ മതപഠന കേന്ദ്രങ്ങൾ, ബൈബിൾ സ്കൂളുകൾ, ബൈബിൾ കോളജുകൾ തുടങ്ങിയ സ്ഥാപനങ്ങളെ സർക്കാർ അംഗീകരിച്ചു അവക്കു ഗ്രാന്റും മതാധ്യാപകർക്കു ശമ്പളവും പെൻഷനും അനുവദിച്ചു നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ കേരള ന്യൂനപക്ഷ കമ്മീഷൻ സർക്കാരിനോട് ശുപാർശ ചെയ്യുന്നു.

**4. വൈദികർക്കും സന്യാസികൾക്കും വെൽഫെയർ ഫണ്ടും പെൻഷൻ പദ്ധതികളും ആവിഷ്കരിക്കണം**

കേരളത്തിൽ അനേകായിരം ക്രൈസ്തവ മതപുരോഹിതന്മാരും കന്യാസ്ത്രീകളും സേവനം അനുഷ്ഠിക്കുന്നു. മനുഷ്യനന്മക്കായി ജീവിതകാലമത്രയും ജോലി ചെയ്യുന്ന ഇവർക്കു സമൂഹത്തിലെ മറ്റു പൗരന്മാരെപ്പോലെ തന്നെയുള്ള അവകാശങ്ങളുണ്ട്. വീടും നാടും വെടിഞ്ഞു ജനസമൂഹത്തിനുവേണ്ടി പ്രവർത്തിച്ചു വൃദ്ധരാകുമ്പോൾ ഇവരുടെ സംരക്ഷണത്തിന് ഒരു കൈത്താങ്ങ് എന്ന നിലക്ക് 65 വയസ്സു കഴിഞ്ഞവർക്ക് വാർധക്യകാല പെൻഷനും ചികിൽസാ പദ്ധതികളും ഏർപ്പെടുത്താൻ കേരള ന്യൂനപക്ഷ കമ്മീഷൻ സർക്കാരിനോടു ശുപാർശ ചെയ്യുന്നു.

**5. ക്രൈസ്തവ സന്യാസിനി മഠങ്ങൾക്കു സുരക്ഷിതത്വം ഉറപ്പുവരുത്തണം**

കേരളത്തിൽ അനേകം ക്രൈസ്തവ കന്യാസ്ത്രീ മഠങ്ങൾ നിലവിലുണ്ട്. സ്ത്രീകളായ ഇവർ താമസിക്കുന്ന മഠങ്ങൾ സുരക്ഷാ ഭീഷണിയിലാണ്. രാത്രി കാലങ്ങളിൽ സാമൂഹ്യ വിരുദ്ധരും ക്രിമിനലുകളും മഠങ്ങളിൽ അതിക്രമിച്ചു കടന്നു മോഷണവും കൊലപാതകവും നടത്തിവരുന്നതും ന്യൂനപക്ഷ കമ്മീഷന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. സാമൂഹ്യ സുരക്ഷയുടെ പരിഗണന ഇവർക്കും ലഭിക്കേണ്ടതാവശ്യമാണ്. പോലിസ് പട്രോളിംഗ്, ചുറ്റുമതിലുകൾ ഉൾപ്പടെയുള്ള സുരക്ഷാ ക്രമീകരണങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സർക്കാറിനോടു ശുപാർശ ചെയ്യുന്നു.

**6. വിദേശ ജോലിക്കുതകുന്ന ഭാഷാപരിജ്ഞാന കേന്ദ്രങ്ങൾ ആരംഭിക്കണം**

വിദേശത്തു ജോലി തരപ്പെടുത്തുന്നതിനു സഹായകമാകുന്ന രീതിയിൽ സ്കൂളുകളിലും കോളജുകളിലും പുറത്തും സിറിയക്, ലാറ്റിൻ ഫ്രഞ്ച് എന്നീ ഭീഷകൾ പഠിപ്പിക്കുന്നതിനും യൂണിവേഴ്സിറ്റി കോളേജു തലങ്ങളിലും വേണ്ട ഏർപ്പാടുകൾ ഉണ്ടാക്കാൻ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ സർക്കാരിനോട് ശുപാർശ ചെയ്യുന്നു.

**7. വിശുദ്ധ നാടുകൾ സന്ദർശിക്കുന്നവർക്ക് സഹായമായി 50000 രൂപ അനുവദിക്കണം**

ക്രൈസ്തവർ ഏറ്റവും പരിപാവനമായി കരുതുന്ന ക്രിസ്തുവിന്റെ ജന-മരണവും സംഭവിച്ച വിശുദ്ധ നാടുകൾ എന്നറിയപ്പെടുന്ന ജറുസലം നസത്ത്(ഇസ്രായേൽ) തുടങ്ങിയ സ്ഥലങ്ങളിൽ തീർഥാടനത്തിന് പോകുന്ന വിശ്വാസികൾക്കു സഹായധനം എന്ന നിലക്ക് 50000 രൂപയിൽ കുറയാത്ത വ്യക്തികത സാമ്പത്തിക സഹായം നൽകാൻ കേരള സർക്കാരിനോടു കേരള ന്യൂനപക്ഷ കമ്മീഷൻ ശുപാർശ ചെയ്യുന്നു.

**9.3. ന്യൂനപക്ഷ സമൂഹം നേരിടുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച്**

മൂന്ന് വർഷത്തിനുള്ളിൽ കമ്മീഷനു കിട്ടിയ പരാതികളുടെയും പഠനങ്ങളുടെയും അടിസ്ഥാനത്തിൽ_കമ്മീഷനു ബോധ്യപ്പെട്ട പ്രധാനപ്പെട്ട കാര്യങ്ങൾ ശ്രദ്ധയിൽ കൊണ്ടുവരാനും ശുപാർശ ചെയ്യാനും കമ്മീഷൻ ആഗ്രഹിക്കുന്നു.

## ശുപാർശകൾ

1. ഗവ. സർവീസിൽ പി.എസ്.സി മുഖേനയും പൊതു മേഖലാ സ്ഥാപനങ്ങളിലും മറ്റു സ്ഥാപനങ്ങളിലുമായി സ്ഥിര നിയമനങ്ങളിലും കോൺട്രാക്റ്റ് നിയമനങ്ങളിലും മുസ്ലീം ന്യൂനപക്ഷങ്ങൾക്കും ലാറ്റിൻ കാത്തലിക്സ് ഉൾപ്പെടെയുള്ള വിഭാഗങ്ങൾക്കും വേണ്ടത്ര സംവരണം നൽകപ്പെട്ടിട്ടില്ല എന്ന് ബോധ്യപ്പെട്ടിരിക്കുന്നു.

2. സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തി ബാക്ക്ലോഗ്ൽ ഫിൽ ചെയ്യാൻ താൽപര്യപ്പെടുന്നു.

3. എല്ലാ വകുപ്പ് മേധാവികളോടും സമയബന്ധിതമായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാൻ വേണ്ട നിർദ്ദേശം നൽകുക.

4. പി.എസ്.സി അഡ്വൈസ് മെമ്മോ നൽകുന്നത് ത്വരിതപ്പെടുത്തുക.

5. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട കേസിലെ പ്രതികൾ വിചാരണ തടവുകാരായി കാലങ്ങളായി കേരളത്തിലെ പല ജയിലുകളിലും ഇപ്പോഴും വിചാരണ കാത്തിരിക്കുകയാണ് അവരുടെ വിചാരണ വേഗത്തിലാക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

6. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ലക്ഷക്കണക്കിന് വിധവകൾ കേരളത്തിൽ ഉണ്ട്. ന്യൂനപക്ഷ വകുപ്പിന്റ കീഴിൽ വിധവകൾക്ക് വീടുവച്ചുകൊടുക്കുന്നതിന് 20,0000/ രൂപ ഏതാനും കുറച്ച് പേർക്ക് മാത്രമാണ് നൽകിവരുന്നത്. അർഹതപ്പട്ടവർക്ക് പലർക്കും ലഭിക്കുന്നില്ല. ഇന്നത്തെ വിലക്കയറ്റം അനുസരിച്ച് സംഖ്യ വർദ്ധിപ്പിക്കേണ്ടതും ജനസംഖ്യാനുപാതികമായി കൂടുതൽ പേർക്ക് വീട് അനുവദിക്കേണ്ടതുമാണ്.

6. ന്യൂനപക്ഷ വിഭാഗത്തിൽപെട്ടവർ സിവിൽ സർവ്വീസിൽ വളരെ കുറച്ചു പേർ മാത്രമാണുള്ളത്. കൂടുതൽ പേർക്ക് ജോലി കിട്ടുന്ന സാഹചര്യം ഒരുക്കുവാൻ എല്ലാ ജില്ലകളിലും സിവിൽ സർവ്വീസ് കോച്ചിംഗ് സെന്റർ ഏർപ്പെടുത്താൻ നിർദേശം നൽകേണ്ടതാണ്.

7. ഐ.എ.വൈ പ്രകാരം ന്യൂനപക്ഷത്തിനു ലഭിക്കുന്ന വീടുകളുടെ ശതമാന നിരക്ക് വർധിപ്പിക്കേണ്ടതാണ്.

8. തൊഴിലിടങ്ങളിലും വീടുകളിലും വനിതകൾക്ക് ജീവിത നിലവാരം മെച്ചപ്പെടുത്താനും തൊഴിൽ സംവരണം ഏർപ്പെടുത്തുവാനും സുരക്ഷാ അവബോധം ഉളവാക്കാനും മറ്റും മാർഗങ്ങൾ സ്വീകരിക്കേണ്ടതാണ്.

9. ന്യൂനപക്ഷ കമ്മീഷന്റെ പ്രവർത്തനം സംബന്ധിച്ച് റൂൾസ് ഒരു വർഷത്തിൽ അധികമായി ന്യൂനപക്ഷ വകുപ്പിൽ സമർപ്പിച്ചെങ്കിലും ഇതുവരെ അംഗീകരിച്ച് ലഭിച്ചിട്ടില്ല ആയത് എത്രയും പെട്ടെന്ന് ലഭ്യമാക്കേണ്ടതാണ്.

## 9.4. വിവിധ ന്യൂനപക്ഷ പ്രശ്നങ്ങൾ

ന്യൂനപക്ഷ കമ്മീഷൻ മുമ്പാകെ എല്ലാ ജില്ലകളിൽനിന്നും ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിലും ന്യൂനപക്ഷ സംഘടനകളിൽ നിന്നു ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിലും ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനും ഗവൺമെന്റിൽനിന്ന് ശാശ്വത പരിഹാരം കണ്ടെത്തുവാനും കമ്മീഷൻ ശുപാർശ ചെയ്യുന്നു.

1) 25.7.2005ലെ സർക്കാർ സ.ഉ.(പി) 217/05 ആഭ്യന്തരം ഉത്തരവ് പ്രകാരം ലഭിച്ച മാർഗനിർദേശങ്ങളിലെ ഖണ്ഡിക 23 ജില്ലാ ഭരണകൂടത്തിന്റെ മുൻകൂർ അനുവാദത്തോടെ മാത്രമേ മതപരമായ ആവശ്യങ്ങൾക്ക് കെട്ടിടത്തിന്റെ നിർമാണം പാടുള്ളൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കേരള മുൻസിപ്പാലിറ്റി കെട്ടിടനിർമാണ ചട്ടങ്ങളിലെ ചട്ടം 7(8) വകുപ്പിലും 7(6ബി) എന്നിങ്ങനെ നിയമഭേദഗതി കൊണ്ടുവരികയും ചെയ്ത അടിസ്ഥാനത്തിൽ ഇപ്പോൾ ജില്ലാ ഭരണകൂടത്തിന്റെ മുൻകൂർ അനുമതിയില്ലാതെ കേരളത്തിൽ മാത്രം ആരാധനാലയങ്ങളും ശ്മശാനങ്ങളും നിർമിക്കാൻ സാധിക്കാതെ വന്നിരിക്കുന്നു. കേരളത്തിൽ മാത്രമാണ് ഇങ്ങനെ ഒരു പ്രശ്നം നിലനിൽക്കുന്നത്. മറ്റൊരു സംസ്ഥാനത്തും ജില്ലാ ഭരണകൂടത്തിന്റെ അനുമതി ആവശ്യമില്ല.

2) കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷന് ഏറ്റവും കൂടുതൽ പരാതി ലഭിച്ചത് പള്ളി, ചർച്ച്, ഖബർസ്ഥാൻ, ശ്മശാനം എന്നിവക്ക് മുൻകൂർ അനുമതിക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അയക്കുന്ന ഹർജികൾ ജില്ലാ ഭരണകൂടങ്ങളിൽ വർഷങ്ങളായി അനുമതി കിട്ടാതെ എല്ലാ ജില്ലകളിലും കെട്ടിക്കിടക്കുന്നു. ആയത് കാരണം ന്യൂനപക്ഷ വിഭാഗത്തിന് അവരുടെ ഭരണഘടനയിൽ നിക്ഷിപ്തമായ അവകാശങ്ങൾ നിഷേധിക്കപ്പെടുകയാണ്. ഇത് ഒരു വിവേചനമായി കമ്മീഷൻ കാണുന്നു.

3) ബഹു. കേരള ഹൈക്കോടതി, അബൂബക്കർ .ഢെ. ജില്ലാ കളക്ടർ കേസിൽ പുറപ്പെടുവിച്ച വിധി ഈ കാര്യത്തിൽ പരാമർശിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പരമോന്നത നീതി പീഠമായ ഹൈക്കോടതി തന്നെ ഒരു വിധിയിലൂടെ ആ സത്യം വെളിപ്പെടുത്തുന്നു. വസ്തുതകളുടെ ഗൗരവത്തിന് ആക്കം കൂട്ടുന്നു. കേരള മുൻസിപ്പാലിറ്റി, പഞ്ചായത്ത് കെട്ടിട നിർമാണ ചട്ടങ്ങളിൽ ആരാധനാലയങ്ങളുടെ നിർമാണവുമായി ബന്ധപ്പെട്ട ഭേദഗതി ഭരണഘടനാവിരുദ്ധവും 'മാന്വൽ ഓഫ് ഗൈഡ്ലൈൻസ് ടു പ്രിവന്റ് ആന്റ് കൺട്രോൾ കമ്യൂണൽ ഡിസ്റ്റർബൻസസ് ആന്റ് ടു പ്രമോട്ട് കമ്യൂണൽ ഹാർമണി'യിലെ ദുർവ്യാഖ്യാനം ചെയ്തുകൊണ്ടു ള്ളതുമാണ്. അതിൽനിന്നും പ്രസക്ത ഭാഗം താഴെ ചേർക്കുന്നു.

> ക റീ ീേ ളശിറ മി്യ മൗവേീൃശ്യേ ലിമയഹശിഴ വേല ഉശെ.ഇീഹഹലരീ്യേ ീ ൃലളൗഴല വേല മുുൃീമഹ ീ്യ ുല്യാശശൈീ ി വേല യമശെ ീള മരൈലൃമേശിാലിേ ീള വേല ിലരലശൈ്യേ ളീ്യ വമ്ശിഴ മ ൃലഹശഴശീൗ യൗശഹറശിഴ ീള ുഹമരല ീള ംീൃവെശു. ടൗരവ മ ൃുീുീശെശേീ

രമീീ യല മരരലുലേറ ശെിരല വേല ഉശൈ.ഇീഹഹലരള്യേ മൃല ീ മൗവേീൃശശേലെ രീാുലലിേ ഃ ാമസല മ്യ ൌരവ ഔേൃ്യ ീ മരരല്യുമേശിാലി ംശവേ ുലലുെലര ഃ ിലരലംശൈ്യേ ള്യീ വമ്ശിഴ ുലഹശഴശീൗ യൗശഹറശിഴ ീ ൃഹമരലെ ീള ംീൃവെശു. കഠ വൈീൗഹറ യല മഹംമ്യെ ഹലളഭ ഃ വേല റലരശശെീി ീള വേല ാലായലൃ ീള ലമരവ മിറ ല്ലൃ്യ രീാാീിശ്യേ ഃ ഉശഃ ൃഹമരലെ ീള വേലശൃ ീി രവീശരല ള്യീ ലമേയഹശവെൊലിഠ ീള ുലഹശഴശീൗ യൗശഹറശിഴ മിറ ൃഹമരലെ ീള ംീൃവെശു. ഇീിശെറലൃശിഴ വേല ൃശഴവഠ ുീലേരലറ ൃ്യേ ീൗഴവ വേല രീിശേേൗശേീി ീള കിറശമ ംശവേ ുലലുെലര ഃ ള്യലലറീ ള്യീ ുീളലശൈീി ീള മ്യ ുലഹശഴശീി ീ\്യ രമി യല ശിെശലെലേറ വേമഠ വല വൈീൗഹറ ീ ലമേയഹശവെ മ്യ ൃഹമരല ീള ംീൃവെശു മഠ മ്യ ുമൃശേരൗഹമൃ ശെലേ ംശവേശി മ്യ ുമൃശേരൗഹമൃ റശൈമിേരല ള്യീാ മ്യ ലഃശശെേിഴ ശൊശഹമൃ യൗശഹറശിഴ ീള ൃഹമരല ീള ംീൃവെശു. ഛള രീൗൃലെ, വേല ഴീ്യലൃിാലിഠ ശെ മഠ ഹശയലൃ്യേ ഃ യൃശിഴ ുലമരലളൗഹ ുലശ്യേലരശേീി ംശവേ മ\ശലംഃ ലിഴൗൃല ാമശിലിമിരല ീള രീാാീിമഹ വമൃാീി്യ ീ ുല്ലിഠ രീാാീിമഹ റശൌേൃയമരല, ുശീഠ, \ശീഹലിരല ലരഠ. ആഠ ഠവല ൃ്യേ വേല ഴൗശലെ ീള ൌരവ ൃീം്യ\ലലേറ ി വേല ഴീ്യലൃിാലിഠ ംവശരവ ശെ ശി ൗേൃി റലഹശഴലേറ ഃ വേല ഉശൈ.ഇീഹഹലരീ്യ, വേല്യ വൈീൗഹറ ീഠ യല ുല്യാശലേറ ഃ ശാുീലെ മ്യ ുലൃ്യേശശെീി ീ ലമേയഹശവെൊലിഠ ീള ൃഹമരലെ ീള ംീൃവെശു. അ്യ റശൃലരലശേീി ഴശ്ലി ഃ വേലാ ള്യീ ല്മഹൗമശേിഴ വേല ിലരലംശൈ്യേ ള്യീ ൌരവ ലമേയഹശവെൊലിഠ ീള ുലഹശഴശീൗ യൗശഹറശിഴ ീള ൃഹമരലെ ീള ംീൃവെശു ശെ ീഠ ശ രീിലോൃഹമശേീി ീള വേല ഹലഴശഹെമ്യൈേ. ഠവല രീിശേേൗശേീിമഹ ള്യലലറീ മിറ ൃശഴവഠ ുീല്മശഹശിഴ ശി വേശെ രീൗി്യൃേ ശെ ഃ വേല ലഃലിഠ ീള ുല്യാശശേിഴ മ്യ ശിറശ്ശറൗമഹ രശശ്യേലി ല്ലി ഃ വീം വേലശൃ ീി .ൃഹമരല ീള ംീൃവെശു ള്യീ മ ുെലരമൃമലേ യൗശഹറശിഴ ള്യീ ുലഹഴശീൗ ൗുൗീലെ ശി വശെ ീി ുീുലൃ്യേ. ഠവല ഴീ്യലൃിാലിഠ ശെ ീഠ മഠ ഹശയലൃ്യേ ഃ യൃശിഴ മ്യ ുലൃ്യേശശെീി ഃ ൌരവ ൃശഴവഠ ൊ്യുലഹഹ്യ മിൈെഴിശിഴ വേല ുലമരീ വേമഠ വേല്യല ശെ ീ ിലരലംശൈ്യേ ള്യീ വമ്ശിഴ ൌരവ ൃഹമരലെ ീള ംീൃവെശു (ജമ്യമ.8)?ഞലുീൃലേറ ശി 2012(ഹ)ഗ.ഘ.0579).

ഇവിടെ ശ്രദ്ധേയമായ മറ്റൊരു വസ്തുത കൂടി ചൂണ്ടിക്കാണിക്കപ്പെടേണ്ടതുണ്ട്. ആരാധനാലയങ്ങളുടെ നിർമ്മാണം നിയന്ത്രിച്ചുകൊണ്ടുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ നിലവിലുള്ള ഭേദഗതി നിയമത്തിൽ പറയുന്നത് ‘മാന്വൽ ഓഫ് ഗൈഡ് ലൈസൻസ് ടു പ്രിവന്റ് ആന്റ് കൺട്രോൾ കമ്മ്യൂണൽ ഡിസ്റ്റർബൻസ് ആന്റ് പ്രമോട്ട് കമ്മ്യൂണൽ ഹാർമണി’യിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതനുസരിച്ചു ആരാധനാലയ നിർമാണ പെർമിറ്റു നൽകുന്ന കാര്യത്തിൽ ജില്ലാ കളക്ടർ പ്രവർത്തിക്കേണ്ടതാണെന്നാണ്. പക്ഷേ പ്രസ്തുത മാന്വലിൽ ആരാധനാലയ നിർമ്മാണം സംബന്ധിച്ച് ഒരു വ്യവസ്ഥയും ഉൾകൊള്ളിച്ചിട്ടില്ലെന്നാണ് മാന്വൽ പൂർണ്ണമായും വിലയിരുത്തിക്കൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതി കണ്ടെത്തിയിരിക്കുന്നത്.

അ്യ രീിൃേമൃശീി ീള ുലഹശഴശീൗ ൃഹമരലെ വെമഹഹ യല ാമറല ീിഹ്യ മളലേ് വേല ുീുീലെഹ/ ൃഹമി മൃല റൗഹ്യ മു്ുീ്ലറ യ്യ വേല മു്ുീുൃശമലേ മൗവേീൃശ്യേീ മൈേൗേീ്യ യീറ്യ മിറ മഠ വേല ലമൃ്യാമൃസലറ ുൃശരലഠ. ഇമലെ ീള രീിൃേമൃശീി ീള ഠിമൗവേീൃശ്വലറ ുലഹശഴശീൗൃഹമരലെ വൈീൗഹറ യല റലമഹ ംശവേ ല്ലൃലഹ്യ ഠിറല്യ വേല ലഃശശെേിഴ ഹമം. ചലഴഹശഴലിരല ീി വേല ുമൃ ീള വേല ഉശൃലരേശൃ മറാശിശൃലമേശീി ശി ശാുഹലമറശിഴ വേശെ റശൃലരശീി വൈീൗഹറ യല ലൃശീൗഹ്യ \ശലംലറ മിറ ഴൗശഹ്യേ റലമഹഠ ംശവേ.

ഏീശിഴ യ്യ വേല ുീിശശെീി ൗീിലേറ മയീ്ല ക റീ ീ ള്ശിറ മ്യ മൗവേീൃശ്യേ ലിമയഹശിഴ വേല ഉശൈ.ഇീഹഹലരീ്യ ഃ ുലളശശലെ വേല മു്ുീമഹ ീ .ൃല്യാശശൈീി ീ വേല യമശെ ീള മരരല്യുമേശിാലി ീള വേല ിലരലംശൈ്യേ ള്യീ വമ്ശിഴ മ ുലഹശഴശീൗ യൗശഹറശിഴ ീ ൃഹമരല ീള ംീൃവെശു. ടൗരവ ുീുീശെശെീി രമീീ യല മരരലുലേറ ശെിരല വേല ഉശൈ.ഇീഹഹലരീ്യേ. മൃല ീ വേല മൗവേീൃശശേലെ രീാുലലിേ ഃ ാമസല മ്യ ൌരവ ഔേൃ്യ ീ മരരല്യുമേശിാലി ംശവേ ുലലുെലര ഃ ിലരലംശൈ്യേ ള്യീ വമ്ശിഴ ുലഹശഴശീൗ യൗശഹറശിഴ ീ ൃഹമരലെ ീള ംീൃവെശു (ുമൃമ 07 മിറ 08 ) (ഞലുീൃലേറ ശി 2012 ഗ.ഘ.0 (1) 579)

ഡിറല്യ വേല മയീല ാലിശേീലറ രശൃരൗാമേിരലെ ക മി ീള വേല ീുശിശീ വേമേ വേല ുീംല്യ ലിശമെഴലറീ വേല ഉശ്യേ ു്യലു്യീറലിേ (ഉശൈ.ഇീഹഹലരീ്യ) ൗിറലൃ വേല ു്യീശ്വേശീ ീ ൃൗഹല 7 (6ആ)ീള സല്യമഹമ ാൗിശരശുമഹശ്യേ യൗശഹറശിഴ ൃൗഹലെ 1999 ീ ൗിറലൃ ു്യീശ്വേ ീ ൃൗഹല 7 (8) ീള വേല ുമിരവമ്യമവേ യൗശഹറശിഴ ൃൗഹലെ 2011 ീ്യ മി്യ ീള വേല ു്യീശശൈീിെ രീമേശി ശി വേല (ങമിൗമഹ ീള ഴൗശറലഹശിലലീ ു്യല്ലിേ മിറ രീി്യേീഹ രീിാൗിമഹ റശൌ്യയമിരലെ മിറ ു്യീാീലേ രീാൗിമഹ വമ്യാീി്യ) ംശഹഹ ീേ മൗവേീൃശ്വല വശാ ീ റലരശറല മു്യു്യീമഹ ളീ്യ വേല യൗശഹറശിഴ ുല്യാശ ളീ്യ രീി്യേൗരശേീി ീള മി്യ ിലം യൗശഹറശിഴ ളീ്യ ൃലഹശഴശീൗ ു്യൗു്യീലെ ീ വേല ു്യീൗറ വേമേ വേല്യല ശ െീ ിലരലൈശ്യേ ളീ്യ ൗെരവ മ ൃലഹശഴശീൗ യൗശഹറശിഴ ീ്യ ുഹമരലെ ീള ംീ്യവെശു മ േ വേല ു്യീുീമെഹ ശെലേ. (ുമ്യമ 10) (ഞലുീ്യലേറ ശി 2012 ഗ.ഘ.ഠ (1) 579)

മേൽ വിവരിച്ച കാര്യങ്ങളിൽനിന്നു കമ്മീഷൻ താഴെ പറയുന്ന കാര്യങ്ങൾ ശുപാർശ ചെയ്യുന്നു.

1) 25.7.2005ലെ സ.ഉ.(പി) 217/05/ആഭ്യന്തരം ഉത്തരവ് പിൻവലിക്കേണ്ടതാണ്.

2) 21.6.2010ലെ ജി.ഒ എം.എസ് നമ്പർ 128/2010/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട 1999ലെ കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമാണ ചട്ടങ്ങളിലും 2011ലെ കേരള പഞ്ചായത്ത് കെട്ടിട നിർമാണ ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമാണ് ഇക്കാര്യത്തിൽ അനുമതി നൽകുന്നത്. കേരള മുൻസിപ്പാലിറ്റി കെട്ടിടനിർമാണ ചട്ടങ്ങളിലെ ചട്ടം 7(6ബി), 7(8) എന്നീ ചട്ടങ്ങൾക്ക് മാറ്റം വരുത്തി ആരാധനാലയങ്ങൾക്കും ശ്മശാനങ്ങൾക്കും അനുമതി കൊടുക്കേണ്ട പൂർണ അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാത്രം നൽകി ന്യൂനപക്ഷ വിഭാഗത്തിന്റെ ഭരണഘടനാപരമായ അവകാശം നിലനിർത്തണമെന്നാവശ്യപ്പെടുന്നു.

## 9.5 സ്കോളർഷിപ്പ് സംബന്ധിച്ച് കമ്മീഷൻ കേന്ദ്രഗവൺമെന്റിന് അയച്ച കത്ത്

ങഇഛജ ചീ.268/2015/ഗടഇങ

എ്യീാ

ഠവല ഇലായല്യ ടലര്യലമ്യേ്യ

ഠീ

ഠവല ടലര്യലമ്യേ്യ ീ ഏീ്വല്യിാലിേ ീള കിറശമ

**ങശിശ്യേ്യ ീള ങശിീ്യശ്യേ അള്ളമശ്യെ,**

**11വേ എഹീീ്യ, ജമ്യമ്യ്മൃമി ആവമമി,**

**ഇഏഛ ഇീുഹലഃ, ഘീറവശ ഞീമറ,**

**ചലം ഉലഹവശ110003**

ടശ്യ,

ടൗയ: ഗടഇങ:ടരവീഹമൃവെശു ൃലഹമലേറ ാമലേേൃ

ഞലള: 1. ഠവല ുലശേശീ റമലേറ ീ 26.05.2016 ൌയാശലേേറ യ്യ ടവ്യശ. അവേലലെ ഒമഷലല.ഗ,

2.ഘലലേ്യ ചീ. ട1/ 12666/15/ങഇങ (1) റമലേറ 7.7.2015 ൌയാശലേേറ യ്യ ടുലരശമഹ ഛള്ളശരല്യ ളീ്യ ടരവീഹമൃവെശു

അ ുല്യ വേല ുലശേശീ ഉശഹലറ യ്യ ങ്യ. അവേലലെ ഒമഷലല.ഗ, വശെ റമൗഴവലേ്യ സൗാമ്യശ. അാശിമവേ ചലവ്യൈശ.ഗ മുഹശലറ ളീ്യ വേല രെവീഹമൃവെശു ശി 20142015 ഠവശഹല വെല ഠമെ ൌറ്യശിഴ ശി ങമഹമയമൃ ഉലിമേഹ ഇീഹഹലഴല മിറ ഞലലെമൃരവ രലിൃേല. ടശേഹഹ റമലേ വേല രെവീഹമൃവെശു ഠമെ ീേ ൃലരലല്ഴലറ വേ്യീൗഴവ യമിസ മരരീൗി.േ ണവലി ഇീാശശൈീി ലഃമാശിലറ വേശെ ശൈൌല, വേല

ഉശ്യലരേ്യ ീള ലേരവിശരമഹ ലറൗരമശേീ ്യലു്ീ്യലേറ വേമ േവേല ുലശേശേീില്യ റമൗഴവലേ്യ വമ െ ലെഹലരലേറ എലറല്യമഹ ആമിസ മരരീൗിേ. ഠവല ഴൌേറലിമേ ംവീ ലെഹലരലേറ എലറല്യമഹ ആമിസ വമ െ ീേ ്യൃലറശലേറ വേല രെവീഹമ്യെവെശു മാീൗിേ ശേഹഹ ീിം. ക മാ വേല്യലളീ്യല ്യലൂൗലെ േ്യീൗ ീ േ റീ വേല ിലലറളൗഹ ീ ്യലറ്യലൈ വേല ഴൃശല്മിരല.

ഠവല റലമേശഹ െ്യല ഴശ്ലി യലഹീം

ചമാല ീള ടരവീഹമൃെവെശു ങല്യശേ രൗ ങലമിെ

ടഴൌേറലിമേ ചമാല          അാശിമവേ ചമവെ്യശ. ഗ

ടഴൌേറലി േക.ഉ     ഠ2014ളസ/ങ 18245

അ/ര ചീ.        11120100181638

ഥീൗൃ െളമശവേളൗഹഹ്യ,

**ഡ.അ.ങീവമിഹമഹ**

ങലായലൃ ടലരൃലമ്യേൃ

# അദ്ധ്യായം 9

# ഉപസംഹാരം

കേരളത്തിലെ മതന്യൂനപക്ഷങ്ങളുടെ സാമൂഹികവും,സാമ്പത്തികവും, വിദ്യാഭ്യാസപരവും ഭാഷാപരവുമായ അവകാശങ്ങളും സംരക്ഷണവ്യവസ്ഥകളും ഉറപ്പുവരുത്തി അവരെ ശാക്തീകരിച്ച് സമഗ്രമായ പുരോഗതി ഉറപ്പുവരുത്തുക എന്ന ലക്ഷ്യമിട്ടുകൊണ്ടാണ് 2014 ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്ട് പ്രകാരം സംസ്ഥാനത്ത് ന്യൂനപക്ഷ കമ്മീഷൻ രൂപീകരിച്ചത്. പ്രസ്തുത ആക്ട് പ്രകാരം വളരെ വിപുലമായ അധികാരങ്ങളും ചുമതലകളുമാണ് കമ്മീഷനിൽ നിക്ഷിപ്തമായിരിക്കുന്നത്. സംസ്ഥാനത്ത് ന്യൂനപക്ഷങ്ങളുടെ വികസനത്തിലുണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തുക, ന്യൂനപക്ഷങ്ങൾക്ക് സാമൂഹികവും, സാമ്പത്തികവും, വിദ്യാഭ്യാസപരവും, ഭാഷാപരവുമായ അവകാശങ്ങളും, സംരക്ഷണവ്യവസ്ഥകളും, ആനുകൂല്യങ്ങളും നഷ്ടപ്പെടുത്തുന്നതിനെക്കുറിച്ചുള്ള പ്രത്യേക പരാതികളിന്മേൽ അന്വേഷണം നടത്തുകയും, തെളിവെടുപ്പ് നടത്തുകയും പരിഹാരനടപടികൾ നിർദ്ദേശിക്കുകയും ചെയ്യുക തുടങ്ങിയ ന്യൂനപക്ഷങ്ങളെ ബാധിക്കുന്ന ഒട്ടുമിക്ക വിഷയങ്ങളിലും കമ്മീഷന് നേരിട്ടിടപെട്ട് പരിഹാരം നിർദ്ദേശിക്കാവുന്നതാണ്. ഒരു വ്യവഹാരം വിചാരണ ചെയ്യുന്ന സിവിൽ കോടതിയ്ക്കുള്ള എല്ലാ അധികാരങ്ങളും പ്രസ്തുത ആക്ടിലെ 12-ാം വകുപ്പ് പ്രകാരം കമ്മീഷന് ഉണ്ട്. സംസ്ഥാനത്തിന്റെ ഏത് ഭാഗത്തു നിന്നും ഏതൊരാളെയും

വിളിച്ച് വരുത്തുകയും, ഹാജരാകുന്നത് ഉറപ്പുവരുത്തുകയും ചെയ്യാവുന്നതും, അന്വേഷണവുമായി ബന്ധപ്പെട്ട രേഖകൾ പിടിച്ചെടുക്കാവുന്നതുമാണ്.

റിപ്പോർട്ട് കാലയളവിൽ സംസ്ഥാനത്തിന്റെ പതിനാല് ജില്ലകളിലായി 100 സിറ്റിംഗുകൾ നടത്തുകയും മുന്നൂറോളം പരാതികൾ തീർപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. തൊഴിൽ-വിദ്യാഭ്യാസ-സാമ്പത്തിക മേഖലകളെ സംബന്ധിക്കുന്ന ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട ആളുകൾക്ക് നീതിനിഷേധത്തിൽ നിന്നും ഒരു പരിധി വരെ പരിഹാരം നേടിക്കൊടുക്കാൻ കമ്മീഷന് സാധിച്ചിട്ടുണ്ട്. കൂടാതെ റിപ്പോർട്ട് കാലയളവിൽ ന്യൂനപക്ഷവിഭാഗങ്ങൾ പൊതുവിൽ നേരിടുന്ന പ്രശ്നങ്ങൾ സ്ഥലസന്ദർശനങ്ങളിലൂടെയും വിവിധ സംഘടനാ പ്രതിനിധികളുമായും പൊതുസമൂഹവുമായും ചർച്ച നടത്തി പരിഹാരം കാണുന്നതിനും, ന്യൂനപക്ഷവിഭാഗത്തിന്റെ സമഗ്രമായ വിദ്യാഭ്യാസ പുരോഗതിക്കും, ക്ഷേമത്തിനും സംരക്ഷണത്തിനും ശാക്തീകരണത്തിനും വേണ്ടി അടിയന്തിരമായി സർക്കാർ സ്വീകരിക്കേണ്ട നടപടികൾ ശുപാർശ ചെയ്യാനും കഴിഞ്ഞിട്ടുണ്ട്.

2013 ൽ ആണ് ന്യൂനപക്ഷ കമ്മീഷൻ നിലവിൽ വന്നതെങ്കിലും കമ്മീഷന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച ചട്ടങ്ങൾ (ഞൗഹലെ) നാളിതുവരെയായിട്ടും അംഗീകരിച്ച് നൽകിയിട്ടില്ലാത്തത് കമ്മീഷന്റെ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്. നിലവിൽ കമ്മീഷന്റെ ചട്ടങ്ങൾ രൂപീകരിക്കുന്നത് സംബന്ധിച്ച ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

ന്യൂനപക്ഷ കമ്മീഷൻ ആക്ട് പ്രകാരം വിപുലമായ അധികാരങ്ങളാണ് കമ്മീഷനിൽ നിക്ഷിപ്തമായിരിക്കുന്നതെങ്കിലും സ്വന്തമായി കമ്മീഷന് അന്വേഷണ ഏജൻസിയുടെ അഭാവം ഉണ്ട്. മാത്രമല്ല കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ എതിർകക്ഷികൾ ഹൈക്കോടതിയിൽ ചോദ്യംചെയ്യുന്ന സന്ദർഭങ്ങളിൽ കമ്മീഷൻ ഭാഗം പ്രതിനിധീകരിക്കാൻ സ്വന്തമായി സ്റ്റാൻഡിംഗ് കൗൺസിൽ ഇല്ലാത്തത് ദോഷകരമായി ബാധിക്കുന്നുണ്ട്.

മാത്രമല്ല കമ്മീഷന് തിരുവനന്തപുരമല്ലാതെ മറ്റ് സ്ഥലങ്ങളിൽ ആഫീസോ, ജീവനക്കാരോ ഇല്ല. ആസ്ഥാനത്ത് വെറും 11 ജീവനക്കാർ മാത്രമാണുള്ളത്. മതിയായ ജീവനക്കാരുടെ അഭാവം കമ്മീഷന്റെ ദൈനംദിനപ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ട്. സംസ്ഥാനത്തെ ന്യൂനപക്ഷങ്ങളുടെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ തൊഴിൽ മേഖലകളിലെ അവസ്ഥയും പരിഹാരമാർഗങ്ങളും സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ അപഗ്രഥനം നടത്തേണ്ടതുണ്ട്. ഇതിന് ഒരു ഗവേഷണവിഭാഗം തന്നെ ആവശ്യമാണ്. വളരെ അടിയന്തരമായി കമ്മീഷനിൽ ഒരു റിസർച്ച് ഓഫീസർ, ഒരു ഇൻഫർമേഷൻ ഓഫീസർ, രണ്ട് അസിസ്റ്റന്റ്, രണ്ട് പേഴ്സണൽ അസിസ്റ്റന്റ്, ഒരു ഓഫീസ് അറ്റന്റന്റ് തസ്തിക കൂടി സൃഷ്ടിച്ചാൽ മാത്രമേ കമ്മീഷന് പൂർണ്ണവ്യാപ്തിയിൽ പ്രവർത്തിക്കാൻ കഴിയൂള്ളൂ. മുൻകാലങ്ങളിൽ പുതിയ തസ്തിക സൃഷ്ടിക്കുന്നതിനുള്ള ശുപാർശകൾ സർക്കാരിന് നൽകിയിരുന്നെങ്കിലും സാമ്പത്തിക പ്രതിസന്ധിമൂലം അംഗീകരിച്ചിരുന്നില്ല.

കമ്മീഷന് സംസ്ഥാന സർക്കാർ അനുവദിക്കുന്ന ഗ്രാന്റ് ഇൻ എയ്ഡ് മാത്രമാണുള്ളത്. മറ്റ് യാതൊരു വരുമാനമാർഗങ്ങളും കമ്മീഷന് ഇല്ല. സർക്കാർ അനുവദിക്കുന്ന ബഡ്ജറ്റ് വിഹിതം വളരെ പരിമിതമാണ്. ആയതിനാൽ കമ്മീഷന്റെ സുഗമമായ പ്രവർത്തനത്തിന് ബഡ്ജറ്റ് വിഹിതത്തിൽ വർദ്ധനവ് ഉണ്ടാകേണ്ടതുണ്ട്. കേരളത്തിലെ 14 ജില്ലകളിലും കമ്മീഷൻ ക്യാമ്പ് സിറ്റിംഗുകൾ സംഘടിപ്പിക്കുന്നുണ്ട്. എന്നാൽ കമ്മീഷൻ മെമ്പർമാർക്ക് ഔദ്യോഗിക വാഹനം ലഭ്യമാക്കിയിട്ടില്ല. പരിമിതമായ ഇന്ധനഅലവൻസ് മാത്രമാണ് നൽകുന്നത്. ആയതിനാൽ കമ്മീഷൻ മെമ്പർമാർക്ക് ഔദ്യോഗിക വാഹനം അനുവദിക്കേണ്ടതുണ്ട്.